വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ഒക്ടോബർ

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## കയർഫെഡ് ജീവനക്കാർക്ക് പരിശീലനം നൽകി

**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം



# കയർഫെഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടി

## 2021 ഒക്ടോബർ 4, തിങ്കൾ, വൈകിട്ട് 4 മണിയ്ക്ക്, NCRMI ഹാൾ

ഉദ്ഘാടനം

**ശ്രീ.പി.രാജീവ്,**

**(ബഹു.വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി)**

# കയർ വ്യവസായം

# ഉള്ളടക്കം


**Vol-5, No.-3**

Established in 1998

Founder Chief Editor:

**Anathalavattom Anandan**



*Chief Editor:*

**Adv. N. Saikumar**

*Editorial Board*

**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*

**B. Sunil**

*Editorial Assistants*

**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*

**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**






PAGE 14



കയർവ്യവസായത്തിന്റെ നാൾവഴികൾ

PAGE 20



പ്രതിസന്ധികളെ കഠിനാധ്വാനംകൊണ്ട് മറികടക്കണം: ആനത്തലവട്ടം ആനന്ദൻ

PAGE 24



പുന്നപ്ര–വയലാർ 75–ാം വാർഷികം

PAGE 28



കയർഭൂവസ്ത്ര സെമിനാറുകൾ രണ്ടാംഘട്ടം



**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്



**The Kerala State Co-Operative Coir Marketing Federation Ltd.**

No. 679 (COIRFED), PB No. 4616, Alappuzha - 688012

Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com

**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## കയർഫെഡ് ഭരണ നിർവഹണം പുതിയ ദിശയിലേയ്ക്ക്

**കേ**രളത്തിലെ നാല് സെൻട്രൽ കയർ മാർക്കറ്റിംഗ് സൊസൈറ്റികളെ സംയോജിപ്പിച്ച് ഒരു കയർ സഹകരണ ഫെഡറേഷൻ രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടത് ഒന്നാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടാണെങ്കിലും കയർഫെഡ് രൂപീകൃതമാകുന്നത് 1979 ലാണ്. സെൻട്രൽ കയർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ കാലത്തും പിൽക്കാലത്ത് കയർഫെഡിലും അവയുടെ ഭരണ നിർവഹണത്തിനാവശ്യമായ മുഴുവൻ ജീവനക്കാരേയും നിയമിച്ചിരുന്നത് അതാത് കാലത്ത് അധികാരത്തിലിരുന്ന ഭരണ സമിതികളാണ്. തികച്ചും മെറിറ്റോറിയസ് ആയി ഈ ചുമതല നിർവഹിക്കുന്നതിന് ഭരണസമിതികൾക്ക് കഴിഞ്ഞിരുന്നു എന്നതും നിസ്തർക്കമാണ് (മാനേജിംഗ് ഡയറക്ടർ നിയമനം പിൽക്കാലത്ത് സർക്കാർ ഏറ്റെടുത്തിരുന്നു).

കയർഫെഡ് ഉൾപ്പെടെയുള്ള സഹകരണ ഫെഡറേഷനുകളിലെ ജീവനക്കാരുടെ നിയമനം പി.എസ്.സിയ്ക്ക് വിട്ടുകൊണ്ട് 1995 ൽ സർക്കാർ ഉത്തരവായി. രണ്ടുദശാബ്ദം കഴിഞ്ഞിട്ടും കയർഫെഡ് റിക്രൂട്ട്മെന്റ് ചട്ടം നിലവിൽ വന്നിരുന്നില്ല. ഇതുമൂലം കടുത്ത ഭരണപ്രതിസന്ധി നിലനിന്ന സാഹചര്യത്തിലാണ് മുഖപ്രസംഗകന്റെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരമേൽക്കുന്നത്.

[redacted]

മാനേജീരിയൽ തസ്തികയിൽ ഉൾപ്പെടെ 23 പേരെ രജിസ്ട്രാറുടെ അനുമതിയോടെ കരാറടി സ്ഥാനത്തിൽ നിയമനം നടത്തി കൊണ്ടാണ് ഞങ്ങൾ ഈ ഭരണപ്രതിസന്ധി മറികടന്നത്. കിറ്റ്കോ എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തി നൽകിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർഥികളെ യാണ് കയർഫെഡ് ഇപ്രകാരം നിയമിച്ചത്.


ഞങ്ങളുടെ തുടർച്ചയായ ഇടപെടലിന്റെയും പരിശ്രമത്തിന്റെയും ഫലമായി 08.11.2017 ലെ GO(P)No.32/2017/ID നമ്പർ ഉത്തരവ് പ്രകാരം കയർഫെഡിന്റെ നിയമന ചട്ടം പ്രാബല്യ ത്തിൽ വന്നു. നിയമന ചട്ടം നിലവിൽ വന്നതിനുശേഷം ഇതിനകം 18 തസ്തികകളിലായി 67 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു. ഇതിൽ 31 ഒഴിവുകൾ സെയിൽ അസി സ്റ്റന്റ് ഗ്രേഡ്-2 ന്റേതാണ്. സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2ൽ നിയമിതരാകുന്നവർ ആദ്യത്തെ മൂന്ന് വർഷം കേരളത്തിന് പുറത്തുള്ള ഷോറൂമുകളിൽ സേവനമനുഷ്ഠിക്കണമെന്നും നിയ മന ചട്ടം നിഷ്ക്കർഷിക്കുന്നുണ്ട്. സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് –2 ലെ മുഴുവൻ ഒഴിവുകളിലും നിയമന ഉത്തരവ് നൽകിയെങ്കിലും എട്ട് പേർ മാത്രമാണ് ജോലിയിൽ പ്രവേശിക്കാൻ തയാ റായത്. ഇവർക്കുവേണ്ടി 9 ദിവസം നീണ്ടു നിൽക്കുന്ന ഒരു ട്രെയിനിംഗ് പരിപാടി സംഘടിപ്പിച്ച് പൂർണ ശമ്പളത്തോടുകൂടി കൃത്യമായി പരിശീലനത്തിന് ശേഷമാണ് അവരെ ജോലിയിൽ പ്രവേശി പ്പിച്ചത്. നോൺ ജോയിനിംഗ് റിപ്പോർട്ട് 21.10.2021 ന് തന്നെ പി.എസ്.സി യിൽ ലഭ്യമാക്കിയിട്ടുമുണ്ട്. അവശേഷിക്കുന്ന നിയമനവും ഉടൻ നടത്താനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഫിനാൻസ് മാനേജരു ടെയും, സിസ്റ്റം അനലിസ്റ്റിന്റയും ലിസ്റ്റുകൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു തസ്തികകളിലേ യ്ക്കുള്ള നിയമനവും ഉടൻ നടത്താനാകുമെന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

ഞങ്ങളുടെ കമ്മിറ്റി അധികാരത്തിൽ വന്നതിനുശേഷം കയർ സംഭരണം, കയറിന്റെ വിപണനം, ആകെ വിറ്റുവരവ് എന്നിവ യഥാക്രമം 127.35%, 141.99%, 116.94% വീതം വർദ്ധിച്ചിട്ടുണ്ട്. ഞങ്ങളുടെ ഭരണകാലയളവിലെ രണ്ടുവർഷത്തെ ആഡിറ്റ് റിപ്പോർട്ടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇക്കാലയ ളവിൽ സഞ്ചിത നഷ്ടം ഒരു ലക്ഷം രൂപാ മാത്രമാണ് വർദ്ധിച്ചത്. ഇത് ആകെ സഞ്ചിതനഷ്ടത്തിന്റെ 0.011% മാത്രമാണ്.

ഒട്ടേറെ നൂതന ഉത്പന്നങ്ങൾ ഇക്കാലയളവിൽ മാർക്കറ്റിൽ ഇറക്കി വിപണിയിൽ ഇടപെടൽ നടത്തുന്നതിനും ചകിരിവില 20–21 രൂപയായി പിടിച്ചു നിർത്തുന്നതിനും ഞങ്ങളുടെ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

കയർഫെഡിന്റെ മുന്നേറ്റവും അഭിവൃദ്ധിയും മാത്രം ലക്ഷ്യമിട്ട് പ്രതിബദ്ധതയോടെ പ്രവർത്തി ക്കുന്ന ഈ കമ്മറ്റിയെ രാഷ്ട്രീയ വിദ്വേഷത്തിന്റെ പേരിൽ അപകീർത്തിപ്പെടുത്താനുള്ള നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ? സത്യവിരുദ്ധവും വസ്തുതാവിരുദ്ധവും അടിസ്ഥാന രഹിതവുമായ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചാണ് കയർഫെഡിനെതിരെ ആക്ഷേപശരങ്ങൾ തൊടുത്തുവിടുന്നത്. ഈ ഹീനമായ നീക്കം തിരിച്ചറിഞ്ഞ് അർഹിക്കുന്ന അവജ്ഞതയോടെ ഇതു ചെറുക്കണമെന്ന് എല്ലാ സഹകാരികളോടും വിനയപൂർവം അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ





# ജീവനക്കാരുടെ പരിശീലനം: ഒരു അവലോകനം

എം. അനുരാജ്
മാർക്കറ്റിംഗ് മാനേജർ
(ക്യാമ്പ് ഡയറക്ടർ)

**കേ**രള പബ്ലിക് സർവീസ് കമ്മീഷൻ വഴി സെയിൽസ് അസിസ്റ്റൻഡ് ഗ്രേഡ്–2 എന്ന തസ്തികയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും 6 വനിതകളും 2 പുരുഷൻമാരും ഉൾപ്പെടെ 8 പേർ കയർഫെഡിൽ പുതിയതായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. കേരളത്തിന് പുറത്തുള്ള കയർഫെഡ് ഷോറൂമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കയറിന്റേയും മറ്റ് കയറുത്പന്നങ്ങളുടേയും വിൽപന വർദ്ധിപ്പിക്കുക എന്നതാണ് ഇവരുടെ പ്രധാന ദൗത്യം.

പുതുതായി നിയമിതരാകുന്ന ജീവനക്കാർക്കെല്ലാം സമഗ്രമായ പരിശീലനം നിർബന്ധമായും നൽകണമെന്നത് കയർഫെഡ് മാനേജ്മെന്റ് നേരെത്തെ തീരുമാനിച്ചിരുന്നു. ഇതിനായി കയർഫെഡിന്റെ പ്രവർത്തനങ്ങൾ, കയറിന്റെ ചരിത്രം, സഹകരണ നിയമങ്ങൾ, സെയിൽസ് അസിസ്റ്റൻസിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും, ജി.എസ്.റ്റി, മാർക്കറ്റിംഗ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, കയറുത്പന്നങ്ങൾ, റബറൈസ്ഡ് കയറുത്പന്നങ്ങൾ, ജിയോടെക്സ്റ്റൈൽസ്, പി.വി.സി, കയർ ഫൈബർ എന്നിവയെക്കുറിച്ച് ക്ലാസുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന കയർഫെഡിന് പുറത്തു നിന്നും, കയർഫെഡിൽ തന്നെയുള്ളതുമായ ഫാക്കൽറ്റികളെ കണ്ടെത്തുകയും കോഴ്സ് മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്തിരുന്നു. കുടപ്പനകുന്നിലുള്ള എൻ.സി.ആർ.എം.ഐ. തിരുവനന്തപുരം ക്യാമ്പസിൽ വച്ച് ഷോറൂമിന്റെ പ്രവർത്തനസമയത്തിന് സമാനമായി തന്നെ പരിശീലനം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. കയർഫെഡ് പ്രസിഡന്റ് അദ്ധ്യക്ഷനായി ചേർന്ന സമ്മേളനത്തിൽ ഉദ്ഘാടകനായി തീരുമാനിച്ചിരുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട വ്യവസായ കയർ– നിയമ വകുപ്പു മന്ത്രി പി. രാജീവിന് നിയമസഭാ സമ്മേളനത്തിന്റെ തിരക്കുകൾ കാരണം എത്തിച്ചേരാൻ കഴിഞ്ഞിരുന്നില്ല. ഇതിനെതുടർന്ന് അപ്പക്സ് ബോഡി ഫോർ



കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ പരിപാടി ഉദ്ഘാടനം ചെയ്തു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ്, കയർ വകുപ്പ് സ്പെഷ്യൽ ഓഫീസർ എൻ. പത്മകുമാർ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വി.എസ്. മണി, കയർ വികസന ഡയക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, എൻ.സി.ആർ.എം.ഐ സീനിയർ സയിന്റിസ്റ്റ് സി. അഭിഷേക് തുടങ്ങിയവർ സംസാരിച്ചു. കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ സ്വാഗതവും, മാർക്കറ്റിംഗ് മാനേജർ അനുരാജ് നന്ദിയും പറഞ്ഞു.

പരിശീലനത്തിന്റെ ഓരോ ദിവസവും മുൻ നിശ്ചയിച്ച പ്രകാരം അതാത് വിഷയങ്ങളെകുറിച്ച് ക്ലാസുകൾ നടന്നു. ഓഡിയോ/വീഡിയോ രൂപത്തിലുള്ള ക്ലാസുകളും കൂടാതെ പ്രിന്റഡ് മെറ്റീരിയലുകൾ എന്നിവ നൽകുകയും ചെയ്തു. ദീർഘനാൾ കയർഫെഡ് പ്രസിഡന്റ് സ്ഥാനത്തിരുന്ന് കയർഫെഡിനെ നയിച്ചിട്ടുള്ള ആനത്തലവട്ടം ആനന്ദൻ കയർഫെഡിന്റെ പഴയകാല പ്രവർത്തനങ്ങളെ കുറിച്ചും സ്റ്റോക്ക് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്തുള്ള ഷോറൂമുകൾ സന്ദർശിച്ച അനുഭവങ്ങളെക്കുറിച്ചും ദീർഘമായി സംസാരിച്ചിരുന്നു. ഇത് പരിശീലനത്തിൽ പങ്കെടുത്ത പുതുതായി ജോലിയിൽ പ്രവേശിച്ചവർക്ക് ആവേശകരമായ അനുഭവമായിരുന്നു.

പരിശീലനത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരുന്ന കയർസൊസൈറ്റിസന്ദർശനംകയർതൊഴിലാളികളുടെ പ്രവർത്തനവും അവരുടെ ജീവിത സാഹചര്യവും എങ്ങനെ കയറുത്പാദിപ്പിക്കുന്നു എന്നതിനെക്കുറിച്ച് ട്രെയിനിംഗിൽ പങ്കെടുത്ത എല്ലാവർക്കും വ്യക്തമാക്കി നൽകി. കയർ മേഖലയുടെ ചരിത്രം ഏറെ പറയാനുള്ള ചിറയിൻകീഴ്, കോവളം എന്നീ മേഖലകളിലുള്ള സൊസൈറ്റികളിലാണ് സന്ദർശനം നടത്തിയത്

അവസാന ദിവസം കയർഫെഡ് പ്രസിഡന്റ് പരിശീലനത്തിൽ പങ്കെടുത്ത ജീവനക്കാർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കയർഫെഡ് ഭരണസമിതി അംഗങ്ങളായ കഠിനംകുളം സാബു, ആർ. അജിത്കുമാർ എന്നിവർ പങ്കെടുത്തു. ട്രെയിനിംഗിൽ പങ്കെടുത്ത ഓരോരുത്തരും തങ്ങൾക്ക് എന്തെല്ലാം ഈ ട്രെയിനിംഗിൽ നേടാനായി എന്നത് വളരെ വിശദമായി തന്നെ സംസാരിച്ചു. പരിശീലനത്തിന്റെ ഭാഗമായുള്ള യൂണിറ്റ് സന്ദർശനം കയർതൊഴിലാളികളുടെ ജീവിതവും, കയർഫെഡിലെ പ്രവർത്തനത്തെപ്പറ്റി മനസിലാക്കി തന്നു എന്നും ഈ മേഖലയുടെ ആകെ പുരോഗതിയ്ക്കായി തങ്ങളിൽ അർപ്പിച്ചിരിക്കുന്ന ചുമതല തികഞ്ഞ ഉത്തരവാദിത്വത്തോടെ ചെയ്യുമെന്നും എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് യോഗം അവസാനിക്കുകയും മുൻ നിശ്ചയിച്ച പ്രകാരം പരിശീലനത്തിന്റെ അടുത്തഘട്ടമായ ഷോറൂം ട്രെയിനിംഗിനായി തങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള കേരളത്തിലെ തെരഞ്ഞെടുത്ത ഷോറൂമിലേയ്ക്ക് തൊട്ടടുത്ത പ്രവർത്തി ദിവസം സന്ദർശിക്കുന്നതിനായി തീരുമാനിച്ചുകൊണ്ട് 9 ദിവസമായി നടന്ന റസിഡൻഷ്യൽ ട്രെയിനിംഗ് അവസാനിച്ചു.



**വി.എസ്. മണി**
എക്സിക്യൂട്ടീവ് ഡയറക്ടർ



**അഭിഷേക്**
എൻ.സി.ആർ.എം.ഐ



**തോമസ് ജോൺ**
ഡപ്യൂട്ടി രജിസ്ട്രാർ



# കയർഫെഡ്; പി.എസ്.സി വഴി നിയമിതരായ ജീവനക്കാർക്ക് പരിശീലനം ഉദ്ഘാടനം ചെയ്തു




**ക**യർഫെഡിലെ നിയമനം 1995ൽ പി.എസ്.സിയ്ക്ക് വിട്ടെങ്കിലും നിയമനചട്ടം അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നതിൽ വന്ന കാലതാമസം മൂലം കയർ ഫെഡിൽ പി.എസ്.സി വഴി നിയമനം നടന്നിരുന്നില്ല. 2017ൽ ചട്ടം അംഗീകരിച്ച് ഉത്തരവാകുകയും ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് കയർഫെഡിൽ ആദ്യമായി പി.എസ്.സിയ്ക്ക് ശുപാർശ ചെയ്ത ജീവനക്കാർക്ക് കയർഫെഡ് നിയമനം നൽകുകയും അവർക്ക് റെസിഡൻഷ്യൽ ട്രെയിനിംഗ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.


ദേശീയ കയർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുവാൻ വ്യവസായ കയർ നിയമ മന്ത്രിയെയാണ് നിശ്ചയിച്ചിരുന്നതെങ്കിലും നിയമസഭാ തിരക്കുമൂലം അദ്ദേഹത്തിന് പങ്കെടുക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കയർഫെഡ് ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. കയർ വികസന ഡയറക്ടർ വി.ആർ.വിനോദ് ഐ.എ.എസ്, കയർ സ്പെഷ്യൽ ആഫീസർ എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട) എന്നിവർ മുഖ്യപ്രഭാഷണം നടത്തി. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, കയർ വികസന ഡയക്ടറേറ്റിലെ ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, എൻ.സി.ആർ.എം.ഐ സീനിയർ സയിന്റിസ്റ്റ് സി.അഭിഷേക് തുടങ്ങിയവർ സംസാരിച്ചു.

### ബി. സുനിൽ,
**ജനറൽ മാനേജർ, കയർഫെഡ്**

**ക**യർഫെഡ് കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ അപ്പ്ക്സ് സ്ഥാപനമാണ്. കയർഫെഡ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും വിപണനത്തിലാണ്. കയർഫെഡിന്റെ മാർക്കറ്റിംഗ് രംഗത്ത് വരും കാലങ്ങളിൽ വളരെ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഭാഗം ജീവനക്കാരുടെ പരീശീലന പരിപാടിയാണ് ഇവിടെ ആരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. 9 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ധരായവരാണ് ക്ലാസുകൾ നയിക്കുന്നത്.

കയർഫെഡിൽ നിയമനം പി.എസ്.സിയ്ക്ക് വിടുന്നതിന് മുമ്പ് വളരെ സുതാര്യവും നിഷ്പക്ഷവുമായാണ് നിയമനം നടത്തിയിരുന്നത്. പരിണിത പ്രജ്ഞനായ ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായിരുന്ന കാലത്താണ് കയർഫെഡിലെ നിയമനം പി.എസ്.സിയ്ക്ക് വിടുന്നത്. ഇന്ന് 26 വർഷത്തിന് ശേഷമാണ് പി.എസ്.സി റിക്രൂട്ട്മെന്റിലൂടെ ഒരു വിഭാഗം ജീവനക്കാർ കയർഫെഡിൽ ജോലിയിൽ പ്രവേശിക്കുന്നത്. കയർഫെഡിലെ നിയമനം കേരള പബ്ലിക്ക് സർവീസ് കമ്മീഷന് വിട്ടെങ്കിലും നിയമന ചട്ടം അംഗീകരിക്കുന്നത് 2017 നവംബർ മാസത്തിലാണ്. നിയമനം നടക്കുന്നത് 2021 ലുമാണ്. ഇതിനിടയിലുള്ള കാലയളവിൽ കയർഫെഡിൽ ആവശ്യമായ ജീവനക്കാരെ തെരഞ്ഞെടുക്കുവാൻ കയർഫെഡിന് സാധിച്ചിരുന്നില്ല. ഈയവസരത്തിൽ കയർ മേഖലയിൽ ദീർഘകാലമായ അനുഭവ സമ്പത്തും അറിവുമുള്ള കയർഫെഡിന്റെ മുൻ ചെയർമാനുമായ ആനത്തലവട്ടം ആനന്ദനെ പോലെയുള്ളവരെ ഈ പരിപാടിയിൽ സ്വാഗതം ചെയ്യുവാൻ അതിയായ സന്തോഷമുണ്ടെന്നും പറഞ്ഞു കൊണ്ട് പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കയർഫെഡ് ജനറൽ മാനേജർ സ്വാഗതം





ആശംസിച്ചു.

## അഡ്വ. എൻ. സായികുമാർ,
പ്രസിഡന്റ്

കയർഫെഡ് കേരളത്തിലെ സാധാരണ ജനങ്ങളുടെ ഒരടയാളമാണ്. കേരളത്തിൽ പലവിധത്തിൽ ധാരാളം ഫെഡറേഷനുകൾ ഉണ്ട്. മിൽമ, ഹാന്റക്സ് എന്നീ ഫെഡറേഷനുകൾ പോലെ മലയാളികളുടെ ജീവിതവുമായി ഇഴചേർന്ന് പ്രവർത്തിക്കുന്ന ഒരു സഹകരണ ഫെഡറേഷനാണ് കയർഫെഡ്. കയർഫെഡിനും കയർ വ്യവസായത്തിനും മഹനീയ മായ ഒരു പാരമ്പര്യമുണ്ട്. കയർ വ്യവസായത്തിന്റെ നാൾവഴികൾ സംബന്ധിച്ച് വിശദമായ ഒരു പ്രഭാഷണം ഞാൻ അടുത്ത ദിവസം നടത്തുവാൻ തീരുമാനിച്ചിട്ടു ള്ളതിനാൽ അക്കാര്യങ്ങളെക്കുറിച്ചൊന്നും തന്നെ ഇ വിടെ പരാമർശിക്കുന്നില്ല. 1995 ൽ എ.കെ. ആന്റണി സർക്കാരിന്റെ കാലത്താണ് കയർഫെഡ് ഉൾപ്പെടെ യുള്ള സഹകരണ ഫെഡറേഷനുകളിലെ നിയമനം പി.എസ്.സിയ്ക്ക് വിട്ടുകൊണ്ട് നിയമം പ്രാബല്യത്തി ലായത്.

എന്നാൽ ഈ ഭരണസമിതി അധികാരത്തിൽ വരു ന്നതിനു മുമ്പ് ഒന്നാം പിണറായി സർക്കാരിന്റെ കാല ത്ത് എന്റെ നേതൃത്വത്തിലുള്ള കയർഫെഡ് അഡ്മിനി സ്ട്രേറ്റീവ് കമ്മറ്റി അധികാരമേറ്റതിനുശേഷം ആദ്യം പരിശോധിച്ചത് കയർഫെഡിൽ നിയമനത്തിനുള്ള ചട്ടം അംഗീകരിച്ചിട്ടുണ്ടോയെന്നാണ്. എന്നാൽ നിർഭാഗ്യവ ശാൽ 21 വർഷത്തോളമായിട്ടും അന്നുവരെ നിയമനചട്ടം അംഗീകരിച്ച് പ്രാബല്യത്തിൽ വന്നിരുന്നില്ല. കയർ വകുപ്പും, സർക്കാർ വകുപ്പും പി.എസ്.സിയുമായും മറ്റും നിരന്തരം ബന്ധപ്പെട്ട് പരിശ്രമിച്ചതിന്റെ ഫലമാ യാണ് 2017 നവംബറിൽ കയർഫെഡിലെ നിയമനചട്ടം അംഗീകരിച്ച് ഉത്തരവായത്. 2017 ഡിസംബർ മാസം കയർഫെഡിന്റെ നിലവിലുള്ള ഭരണസമിതി തെര ഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നു. ഉടനടി തന്നെ കയർഫെഡിന്റെ മാർക്കറ്റിംഗ് രംഗത്ത് അത്യാവശ്യം വേണ്ട ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു.

2018 ൽ പി.എസ്.സിയിൽ ഒഴിവ് റിപ്പോർട്ട് ചെയ്തെ ങ്കിലും പി.എസ്.സി ജീവനക്കാരെ ശുപാർശ ചെയ്യു ന്നത് 2021 സെപ്റ്റംബറിലാണ്. കയർഫെഡ് നിരന്തരം പി.എസ്.സിയുമായി ബന്ധപ്പെട്ടതിന്റെ ഫലമായാണ് ഇപ്പോഴെങ്കിലും നിയമന ശുപാർശ ലഭിക്കുവാൻ കാ രണമായിട്ടുള്ളത്. ഇതെല്ലാം മനസിലാക്കാതെയാണ് കയർഫെഡിനെതിരെ ചിലർ അപവാദ പ്രചരണങ്ങൾ നടത്തുന്നതെന്നും കയർഫെഡ് ചെയർമാൻ പറഞ്ഞു. പി.എസ്.സിയിൽ നിന്നും അറിയിപ്പു ലഭിച്ചയുടൻ തന്നെ നിയമനം നടത്തി ഇപ്പോൾ അവർക്ക് 9 ദിവസം നീണ്ടു നിൽക്കുന്ന ഇൻഹൗസ് ട്രെയിനിംഗ് നൽകി ജോലിയ്ക്ക് നിയോഗിക്കുകയാണ്. വളരെ ചടുലമാ യാണ് കയർഫെഡ് ഈകാര്യത്തിൽ പ്രവർത്തിച്ചിട്ടു ള്ളതെന്ന് ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്. ഇപ്പോൾ ഫിനാൻസ് മാനേജരുടെ ഒഴിവിലേക്ക് പി.എസ്. സി നിയമന ശുപാർശ ചെയ്തിട്ടുണ്ട്.

ഇന്ന് കയർഫെഡിന്റെ ഭരണസമിതിയോഗം ചേർ ന്ന് കയർഫെഡിൽ ഒഴിവുള്ള തസ്തിക എല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ തീരുമാ നിച്ചകാര്യവും കയർഫെഡ് പ്രസിഡന്റ് യോഗത്തിൽ പ്രഖ്യാപിച്ചു. ആനത്തലവട്ടം ആനന്ദൻ തൊഴിലാളി രംഗത്ത് ദീർഘകാലത്തെ പരിചയമുള്ള നേതാവാണ്. കയർഫെഡ് രൂപീകൃതമാകുന്ന കമ്മറ്റിയിൽ ഇന്ന് ജീ വിച്ചിരിക്കുന്ന ഏക വ്യക്തിയും അദ്ദേഹമാണ്. ഏറ്റ വും പ്രശസ്തരായവരാണ് കയർഫെഡിന്റെ ആദ്യ ഭര ണസമിതിയിൽ ഉണ്ടായിരുന്നത്. യശ്ശഃശരീരായ തച്ചടി പ്രഭാകരൻ, പി.വിശ്വംഭരൻ, എം.റ്റി. ചന്ദ്രസേനൻ, മുൻ മന്ത്രിമാരായ യു.എ. ബീരാൻ, ടി.എം. ജേക്കബ്, ആർ. സുന്ദരേശൻ നായർ, കെ.പി. നൂറുദ്ദീൻ തുടങ്ങിയവർ അവരിൽ ചിലരാണ്. അവരയെല്ലാം ഈ അവസര ത്തിൽ പ്രത്യേകം സ്മരിക്കുകയാണ്. 1951 ൽ മിനിമം വേജസ് ആദ്യമായി അനുവദിച്ചത് കയർ വ്യവസാ യത്തിലെ തൊഴിലാളികൾക്കാണ്. കയർ വ്യവസാ യ തൊഴിലാളികളുടെ മിനിമം വേജസ് കമ്മറ്റിയുടെ അദ്ധ്യക്ഷനായി നിയമിക്കുന്നത് സി.കേശവനെയാണ്. ആ കമ്മറ്റിയിൽ മുൻ മുഖ്യമന്ത്രി കെ.കരുണാകരൻ അംഗമായിരുന്നു.

സി. കേശവൻ കയർ മിനിമം വേജസ് കമ്മറ്റി അദ്ധ്യക്ഷനായി പ്രവർത്തിച്ചു തുടങ്ങവെയാണ് അദ്ദേ ഹം തിരു-കൊച്ചി മുഖ്യമന്ത്രിയായി ചുമതലയെൽക്കു ന്നത്. കയർ വ്യവസായത്തിന് നൽകിയിരുന്ന പ്രാധാ ന്യമാണ് ഇതിൽ നിന്നും വെളിവാകുന്നത്. കയർ ഫെഡിൽ ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായി രുന്ന കാലത്ത് പി.എസ്.സി വഴി ജീവനക്കാരെ നിയ മിക്കുന്ന സൂക്ഷ്മതയോടുകൂടിയാണ് കയർഫെഡിൽ ജീവനക്കാരെ നിയമിച്ചിരുന്നത്. അന്നത്തെ ഉയർന്ന ജീവനക്കാരുടെ പേരുവിവരവും യോഗ്യതയും പരി ശോധിച്ചാൽ ഇത് വ്യക്തമാകും. ഇത്തരത്തിൽ കയർ ഫെഡിലെ നിയമനങ്ങൾ തികച്ചും അർഹതയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിനാണ് നടത്തിയി ട്ടുള്ളതെന്നും ശ്രദ്ധേയമാണെന്നും അദ്ദേഹം അദ്ധ്യ ക്ഷ പ്രസംഗത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു. കയർഫെഡിന് സമൂഹത്തിൽ സുത്യർഹമായ ഒരു ബ്രാന്റിംഗ് ഉണ്ടെന്നും അത് നിലനിർത്തുവാൻ എല്ലാ വരും പരിശ്രമിക്കണമെന്ന് കയർഫെഡ് ചെയർമാൻ പറഞ്ഞു.

# കയർഫെഡിൽ പി.എസ്.സി വഴി നിയമിതരായ സെയിൽസ് അസിസ്റ്റന്റുമാർ

| ക്രമ നം | അഡ്വൈസ് മെമ്മോയിലെ ക്രമ നം. | പേരും മേൽവിലാസവും | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിൽ ജോലി ചെയ്യുന്ന ഷോറൂം | |
|---|---|---|---|---|---|
| 1 | 2 | **RESHMI RAJAN**<br><br>KARUVELIL HOUSE<br>VADUTHALA<br>NAKULAM,<br>VADUTHALA P.O<br>PIN - 682 023 | 01.10.2021 | Chennai |  |
| 2 | 7 | **PRAVEEN P**<br><br>ONNARAYIL VEEDU<br>S V WARD<br>ALAPPUZHA,<br>KAYAMKULAM 690502 | 01.10.2021 | Siliguri |  |
| 3 | 10 | **DHANYA K**<br><br>MUNDAYATTU HOUSE<br>PERINGOME,<br>KANNUR,<br>PERINGOME – 670307 | 01.10.2021 | Bhopal |  |
| 4 | 13 | **PILLAI JALAJA MADHUSUDHANAN**<br><br>KAMALALAYAM,<br>MEMANA,<br>KOLLAM, OACHIRA | 01.10.2021 | Nagpur |  |

# കയർഫെഡിൽ പി.എസ്.സി വഴി നിയമിതരായ സെയിൽസ് അസിസ്റ്റന്റുമാർ

| ക്രമ നം | അഡ്വൈസ് മെമ്മോയിലെ ക്രമ നം. | പേരും മേൽവിലാസവും | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിൽ ജോലി ചെയ്യുന്ന ഷോറൂം | |
|---|---|---|---|---|---|
| **5** | **16** | **SREEJITH AM**<br><br>ANIYAMPURATH<br>MEETHAL<br>KUTTOTH<br>KOZHIKODE,<br>KUNNATHARA (PO),<br>673620 | 01.10.2021 | Calcutta |  |
| **6** | **17** | **SHEEJA V K**<br><br>PULIKKOOL<br>PARAMBIL,<br>PUTHANCHERY/<br>KOYILANDY,<br>KOZHIKODE,<br>KUNNATHARA/673620 | 01.10.2021 | Kolhapur |  |
| **7** | **18** | **VASANTHAKUMARY G**<br><br>ANANDA MANDIRAM<br>INCHAVILA<br>KOLLAM,<br>INCHAVILA P.O<br>691601 | 01.10.2021 | Trichy |  |
| **8** | **20** | **SALINI K C**<br><br>KALATHILCHIRAYIL<br>OLATHALA,<br>ALAPPUZHA,<br>PATTANAKKAD P O | 01.10.2021 | Pondicherry |  |

**ക**യർഫെഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയിൽ ഒരോ വിഷയങ്ങളിലും വിദഗ്ധരായ അധ്യാപകരാണ് വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസുകൾ കൈകാര്യം ചെയ്തത്. കേരളത്തിലെ പരമ്പരാഗത കയർ വ്യവസായം, കയർ സഹ കരണ പ്രസ്ഥാനം കേരളത്തിൽ, കയർഫെഡിന്റെ പ്രവർത്തനങ്ങൾ, സെയിൽസ് അസിസ്റ്റന്റിന്റെ കർ ത്തവ്യങ്ങളും ചുമതലകളും, കയർഫെഡിന്റെ ചരിത്രം, കയർഫെഡ് ഉൽപ്പന്ന ശ്രേണി, അവയുടെ ഗുണനിലവാരം, ബ്രാന്റ്, വിപണന ശൃം ഖല, വിപണനതന്ത്രങ്ങൾ, നികുതികൾ, കയർ ഭൂ വസത്ര വിപണനം, കയർമെത്ത നിർമ്മാണവും വിപണനവും, കയർഫെഡിന്റെ ഉത്പാദന യൂണി റ്റുകൾ, ഉപഭോക്തൃ തർക്ക പരിഹാരങ്ങൾ, നൂതന ഉത്പന്നങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ, സഹക രണ ആഡിറ്റ്, സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് കൈകാര്യം ചെയ്യൽ, ആഡിറ്റ് സ്റ്റേറ്റുമെന്റുകൾ, വാർഷിക കണക്കു കൾ മുതലായ കണക്കെഴുത്ത് രീതികൾ, വിപണനം, സംരംഭകത്വം, വിവിധയിനം കയറുകൾ, അവയുടെ ഉപയോഗ രീതികൾ, കയർ ഭൂവസ്ത്രവിതാനവും അവയുടെ സാങ്കേതിക വശങ്ങളും പരിസ്ഥിതി സം രക്ഷണത്തിന്റെ പ്രാധാന്യവും കയർ വ്യവസായ ത്തിന്റെ ചരിത്രവും നാൾവഴികളും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ, അവകാശങ്ങളും ക ടമകളും, കയർഫെഡിന്റെ ഇ.ആർ.പി സിസ്റ്റം തുട ങ്ങിയ വിഷയങ്ങളാണ് പ്രധാനമായും പാഠ്യപദ്ധതി യിൽ ഉൾപ്പെട്ടിരുന്നത്.

പ്രസ്തുത വിഷയങ്ങളെ അധികരിച്ച് കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, എൻ.സി. ആർ.എം.ഐ മുൻ ഡയറക്ടറും കാർഷിക യൂണി വേഴ്സിറ്റിയിലെ പ്രൊഫസറുമായ ഡോ. കെ.ആർ. അനിൽ, മുൻ കയർ വികസന ഡയറക്ടറും കയർ ഫെഡിന്റെ മാനേജിംഗ് ഡയറക്ടറുമായിരുന്ന ഡോ. കെ. മദനൻ, കയർഫെഡ് മാനേജിംഗ് ഡയ റക്ടർ സി. സുരേഷ്കുമാർ, കയർഫെഡ് ജനറൽ മാനേജർ ബി.സുനിൽ, കയർഫെഡ് മുൻ ജനറൽ മാനേജർ (പ്രോജക്ട്) റ്റി.എൻ.ശ്യാം, കയർഫെഡ് മുൻ പേഴ്സണൽ മാനേജർ കെ. രാജ്, കയർ ബോർഡ് ആലപ്പുഴ റീജിയണൽ ആഫീസർ സു ധീർ, സഹകരണ വകുപ്പ് മുൻ അസി. രജിസ്ട്രാർ അഡ്വ. ശാർങ്ങധരൻ, കയർഫെഡ് അസി.ഫിനാ ൻസ് മാനേജർ വി.എൻ. ശശികുമാർ, എൻ.സി.ആർ. എം.ഐ –യിലെ സീനിയർ സയന്റിസ്റ്റ് സി.അഭിഷേക്, കയർഫെഡ് മുൻ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേ ജർ കൈരളി കുമാർ, കയർഫെഡിലെ മാർക്കറ്റിംഗ് മാനേജർമാരായ ശ്രീവർദ്ധൻ നമ്പൂതിരി, എം.അ നുരാജ്, അനിൽകുമാർ, കയർഫെഡ് ഡെപ്യൂട്ടി ഫിനാൻസ് മാനേജരായ കെ.എസ്.പ്രകാശ്, എൻ. സി.ആർ.എം.ഐ –യിലെ സൗമ്യ, സിബി ജോയി തുടങ്ങിയവരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്.


**അഡ്വ. എൻ. സായികുമാർ**


**ഡോ. കെ.ആർ. അനിൽ**


**ഡോ. കെ. മദനൻ**


**സി. സുരേഷ് കുമാർ**


**ബി.സുനിൽ**


**റ്റി.എൻ.ശ്യാം**


**സുധീർ**


**അനിൽകുമാർ**


**വി.എൻ. ശശികുമാർ**


**സി.അഭിഷേക്**


**കൈരളി കുമാർ**



**ശ്രീവർദ്ധൻ നമ്പൂതിരി**


**എം.അനുരാജ്**


**കെ.എസ്. പ്രകാശ്**


**സൗമ്യ**


**കെ. രാജ്**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29

# കയർ വ്യവസായത്തിന്റെ നാൾവഴികൾ

**കയർഫെഡിലെ നിയമനം 1995 ലാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാക്കിക്കൊണ്ട് സർക്കാർ നിയമം നടപ്പിലാക്കിയത്. 2017 ൽ കയർഫെഡിന്റെ നിയമന ചട്ടം അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കയർഫെഡിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതനുസരിച്ച് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് - 2 തസ്തികയിലേയ്ക്ക് പി.എസ്.സി നിയമന ശുപാർശ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് തിരുവനന്തപുരം നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് 9 ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് നൽകുകയുണ്ടായി. ഈ ട്രെയിനിംഗ് പ്രോഗ്രാമിൽ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഗത്ഭരായ വിദഗ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ഇതിന്റെ ഭാഗമായി കയർഫെഡ് പ്രസിഡന്റ് ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്ത രൂപമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.**



**അഡ്വ.എൻ. സായികുമാർ**
**പ്രസിഡന്റ്, കയർഫെഡ്**

**ല**ക്ഷക്കണക്കിന് ജനങ്ങളുടെ ജിവനോപാധി എന്ന നിലയിൽ കയർ വ്യവസായം കേരളത്തിൽ പടർന്ന് പന്തലിച്ചു നിന്നിരുന്ന വ്യവസായമായിരുന്നു. അനുകൂലമായ പ്രകൃതിയും തൊണ്ടിന്റെ സമൃദ്ധമായ ലഭ്യതയും താരതമ്യേന ആവശ്യത്തിൽ കൂടുതലുള്ള തൊഴിലാളികളും വിശാലമായ കമ്പോളവും വ്യവസായത്തിന്റെ ശക്തി സ്രോതസുകളായിരുന്നു. 2000 കൊല്ലം മുൻപ് രചിക്കപ്പെട്ട പെരിപ്ലസിൽ നാളികേരത്തെക്കുറിച്ച് യാതൊരു പരാമർശവും ഇല്ലായിരുന്നു.

എ.ഡി 5–6 നൂറ്റാണ്ടുകളിൽ രചിച്ചതായി കരുതപ്പെടുന്ന സംഘകൃതികളിൽ, ഇടതൂർന്ന് വളർന്ന് നിൽക്കുന്ന തെങ്ങിനെക്കുറിച്ച് ധാരാളം പരാമർശങ്ങൾ ഉണ്ട് താനും. പുറനാനൂറിലും പതിറ്റിപത്തിലും ഉള്ള പരാമർശങ്ങൾ എടുത്ത് പറയേണ്ടതാണ്. 'നോർക്കാലി' എന്ന മലയൻ പദത്തിൽ നിന്നാണ് 'നാരികേലി' എന്ന സംസ്കൃത പദം ഉണ്ടായതെന്നാണ് ചരിത്ര പണ്ഡിതനായ 'ഡി.സി കൊസാമ്പി' പ്രസ്താവിച്ചിട്ടുള്ളത്. മാർക്കോപോളോയും കയറിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കേരളത്തിൽ കയർ ഉത്പാദനം തുടങ്ങിയതിന്റെ ചരിത്ര രേഖകൾ ധാരാളം ലഭ്യമാണ്.

എ.ഡി 1311–ൽ രചിച്ചതായി കരുതപ്പെടുന്ന ഉണ്ണുനീലി സന്ദേശത്തിൽ കയറിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. കൊല്ലം അങ്ങാടി അക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു. കൊല്ലം അങ്ങാടിയിൽ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്ന ചരക്കുകളിൽ കയറിനെ സംബന്ധിച്ച് സന്ദേശവാഹകൻ ആദിത്യവർമ്മ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. തെക്കേഇന്ത്യ, പ്രൗഢമായ ഒരു പാരമ്പര്യത്തിന് അവകാശപ്പെട്ട പ്രദേശമാണ്. സംഘകാലം മുതൽ കേരള തീരത്ത് കൈതൊഴിലിനും പരമ്പരാഗത മേഖലയ്ക്കും വലിയ പ്രാമുഖ്യം നേടിയിരുന്നു.

കൃഷി യോഗ്യമായ ഭൂമിയുടെ കുറവുണ്ടായിരുന്നു. എന്നാൽ ചതുപ്പുകളും ഉപ്പ് വെള്ളം കയറിയ, കൃഷി യോഗ്യമല്ലാത്ത ഭൂമിയും ധാരാളം ഉണ്ടായിരുന്നു. ഈ ഭൂപ്രദേശത്ത് കൃഷി അസാധ്യവുമായിരുന്നു. അതിനാൽ ഇന്നത്തെ ആലപ്പുഴ ജില്ല ഉൾപ്പെടുന്ന പല പ്രദേശങ്ങളിലും കൃഷി സാധ്യമായിരുന്നില്ല. അക്കാരണത്താൽ ആ പ്രദേശത്ത് അധിവസിച്ചിരുന്ന ജനങ്ങൾ ജീവസന്ധാരണത്തിനായി മറ്റ് തൊഴിലുകളും തേടേണ്ട അവസ്ഥയായിരുന്നു. അങ്ങനെയാണ് തീരദേശ മേഖലയിൽ കയർ വ്യവസായത്തിന് വലിയ സാധ്യതകൾ കൈവന്നത്.

പാശ്ചാത്യ രാജ്യങ്ങളിൽ കൃഷി ആധുനീകരിക്കുന്നതിന്റെ ഭാഗമായി കുറെയധികം ആൾക്കാർ കൃഷിയിൽ നിന്നും ബഹിഷ്കൃതമായി. അത്തരം ആൾക്കാർ പരമ്പരാഗത കുടിൽ വ്യവസായം മേഖലയിലാണ് ചേക്കേറിയത്. എന്നാൽ ഇവിടെ ആ രീതിയിൽ അല്ല സാമൂഹ്യവികാസം ഉണ്ടായത്. മറിച്ച് കൃഷിയോടൊ



പ്പം തന്നെ ജീവസന്ധാരണത്തിനായി പരമ്പരാഗത മേഖലയിലും പണി എടുക്കുന്ന ഒരു സവിശേഷ സാഹചര്യമാണ് നിലനിന്നത്. അതായത് കൃഷിയിൽ നിന്നും ബഹിഷ്കൃതരായ സമൂഹമല്ല. ഇവിടെ പരമ്പരാഗത മേഖലയിൽ പ്രവർത്തിച്ചത് എന്നാണ് വ്യക്തമാകുന്നത്.പാശ്ചാത്യരാജ്യങ്ങളിലേക്ക് ഇവിടെ നിന്നും കയറ്റി അയക്കുന്ന സുഗന്ധദ്രവ്യങ്ങളും തുണിത്തരങ്ങളുടെയും കൂട്ടത്തിൽ നമ്മുടെ കരവിരുത് കാണിക്കുന്ന കരകൗശല ഉത്പന്നങ്ങളും കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

1816–1820 കാലത്ത് B.C Ward & P.E Conner എന്നീ രണ്ട് ചെറുപ്പക്കാർ ചേർന്നാണ് 19–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തിരു–കൊച്ചിയിൽ സർവ്വേ നടത്തുന്നത്. ആ സർവ്വേയുടെ 'Memoir of the survey of Travancore and cochin states' എന്ന പുസ്തകത്തിൽ നമ്മുടെ തീരദേശത്തെ പ്രധാനപ്പെട്ട എല്ലാ താലൂക്കുകളിലും കയർ വ്യവസായമാണ് നിലനിൽക്കുന്നതെന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്.

ഐറീഷ് അമേരിക്കൻക്കാരനായ ജെയിംസ് ഡാറയും അദ്ദേഹത്തിന്റെ ഉറ്റ ബന്ധു ഹെന്റ്റി സ്മെയിലും ചേർന്നാണ് 1859 ൽ ഇന്ത്യയിൽ ആദ്യത്തെ കയർ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കുന്നത്. ഈ സ്ഥലം കയർ ഫെഡ് രൂപീകരണത്തോടുകൂടി കയർഫെഡിന്റെ ഉടമസ്ഥതയിലായി. ഡി.എസ് കോമ്പൗണ്ട് എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. ഇവിടെയുള്ള കെട്ടിടത്തിലാണ് സംസ്ഥാന സർക്കാർ ഇപ്പോൾ കയർ മ്യൂസിയം സ്ഥാപിച്ചിട്ടുള്ളത്. ആദ്യ കയർഫാക്ടറിയിലെ ഉൽപ്പന്ന നിർമ്മാണത്തിനുള്ള തൊഴിലാളികളുടെ ആദ്യ ബാച്ചിനെ കൽക്കത്തയിൽ നിന്നാണ് കൊണ്ടുവന്നത്. ചണമില്ല് മേഖലയിലെ തൊഴിലാളികളെയാണ് ഇതിനായി നിയോഗിച്ചത്. തുടർന്ന് സാവധാനം തദ്ദേശീയരായ കയർ ഫാക്ടറി മുതലാളിമാർ കൂടി ഈ രംഗത്തേയ്ക്ക് കടന്നു വരുകയുണ്ടായി. 1920 ഓടുകൂടിയാണ് ഇങ്ങനെ തദ്ദേശിയർ ഈ മേഖലയിലേക്ക് കടന്നുവന്നത്. അതായത് 60 കൊല്ലത്തിന് ശേഷമാണ് ഈ മേഖലയിലേക്ക് അവർ കടന്നു വരുന്നത് എന്ന് കാണാൻ കഴിയും. തദ്ദേശ കയർ ഫാക്ടറി മുതലാളിമാരും കൂടി ഈ രംഗത്ത് വന്നതിനുശേഷമാണ് കയർ മേഖലയിൽ ഒരു ആധുനിക തൊഴിലാളി സമൂഹം രൂപപ്പെടുന്നത്. ഈ കാലഘട്ടം കയർ മേഖലയിൽ അഭിവൃദ്ധിയുടെ കാലമാണ്. അക്കാലത്ത് മാറ്റിംഗ് ഉൽപ്പാദനം 86 ശതമാനവും മാറ്റ് ഉത്പാദനം 233 ശതമാനവും വീതം വർദ്ധിച്ചു.

1937 കാലഘട്ടത്തിൽ 290 ഫാക്ടറികളും 1948 ൽ 524 ഫാക്ടറികളും ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലുമായി സ്ഥാപിക്കപ്പെട്ടു. ഉത്പന്നമേഖലയിൽ വലിയ കുതിച്ചുച്ചാട്ടം ഉണ്ടായെങ്കിലും തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് ഉണ്ടായില്ല എന്ന് മാത്രമല്ല കൂലിയിൽ വെട്ടി കുറവ് വരുത്താനാണ് മുതലാളിമാർ ശ്രമിച്ചത്. 1930 കളിലെ സമ്പത്തിക കുഴപ്പവും വിലയിടിവും, തൊഴിലാളികളുടെ അധ്വാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനുമുള്ള ഉപാധിയായി മാറ്റുകയാണ് മുതലാളിമാർ ചെയ്തത്. ഇക്കാലത്ത് 4 അണയാണ് കൂലി. ജോലി സമയം 12 മണിക്കൂറായിരുന്നു. തെങ്ങിൻ തോപ്പുകളിലും മറ്റും ഇവരെ അറവുമാടുകളെ പോലെ പണിയെടുപ്പിക്കുകയും മറ്റു ജോലികൾക്കും നിയോഗിക്കുകയും ചെയ്തിരുന്നു. ഈ തൊഴിലാളികൾക്ക് കേറികിടക്കാൻ ഒരു കൂര പോലും ഇല്ലാത്ത സ്ഥിതിയായിരുന്നു.

## മുതലാളി, തൊഴിലാളി സംഘടനകൾ


1919 ലാണ് മുതലാളി സംഘടനയായ ട്രാവൻകൂർ ചേമ്പർ ഓഫ് കോമേഴ്സ് സ്ഥാപിതമാകുന്നത്. തൊഴിലാളികളുടെ സംഘടനയായ ട്രാവൻകൂർ ലേബർ അസോസിയേഷൻ രൂപീകൃതമാകുന്നത് 1922 –ലുമാണ്. എംപയർ കയർ ഫാക്ടറി വളപ്പിൽ വെച്ചാണ് ലേബർ അസോസിയേഷൻ രൂപീകരണ യോഗം നടക്കുന്നത്. ശ്രീനാരായണ ഗുരുഭക്തനും സാമൂഹ്യനവോത്ഥാന പ്രവർത്തകനുമായ വാടപ്പുറം ബാവയാണ് അസോസിയേഷന്റെ ആദ്യ പ്രസിഡന്റ്. ലേബർ അസോസിയേഷൻ ഒരു തൊഴിലാളി സംഘടനയായിരുന്നില്ല. അതൊരു സാമൂഹ്യ സംഘടനയായിരുന്നു. അക്കാലത്ത് ട്രേഡ് യൂണിയൻ ആക്ട് അനുസരിച്ചുള്ള ഒരു സംഘടന ആയിരുന്നില്ല അത്. ലേബർ അസോസിയേഷന്റെ നേതൃത്വത്തിലാണ് '' തൊഴിലാളി'' എന്ന പേരിലുള്ള പത്രം പ്രസിദ്ധീകരിച്ചിരുന്നത്. പിന്നീടാണ് പ്രമുഖ സാഹിത്യകാരനായ പി.കേശവ് ദേവ് ആലപ്പുഴയിൽ വരുന്നത്. ആലപ്പുഴയിൽ നിന്നും തൊഴിലാളികൾ പോയി അദ്ദേഹം വിളിച്ചു കൊണ്ടുവന്നു എന്നാണ് ചരിത്രം. അതിനുശേഷമാണ് ആലപ്പുഴയിൽ ആദ്യത്തെ പൊതുപണിമുടക്ക് നടക്കുന്നത്. തുടർന്ന് തൊഴിലാളി സംഘടന ശക്തി പ്രാപിച്ചു. 1938 ലെ ട്രാവൻകൂർ ട്രേഡ് ഡിസ്പ്യൂട്ട് ആക്ട് നിലവിൽ വന്നതോടുകൂടി തൊഴിലാളി സമൂഹത്തിന് പുത്തനുണർവുണ്ടായി.

ആലപ്പുഴ പണിമുടക്കിനെ തുടർന്നാണ് ജോർജ്ജ്




*ഡാറാസ് ആൻഡ് സ്മെയിൽ കമ്പനി എന്ന സ്ഥാപന ത്തിന്റെ സ്ഥാപകരായ ജെയിംസ് ഡാറാ, ഹെന്റി സ്മെ യിൽ എന്നിവർ*

കമ്മറ്റി രൂപീകരണം. അപ്പോഴേയ്ക്കും തിരുവിതാംകൂറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമായി കയർ വ്യവസായം മാറിയിരുന്നു. കൊപ്രയും നാളീകേരവുമല്ലാതെ മറ്റൊരു വ്യവസായവും അന്നില്ലായിരുന്നു. തുടർന്നാണ് വേജ് ബോർഡ് രൂപീകരണം. ഇപ്പോഴത്തെ കയർ വ്യവസായ ബന്ധ സമിതിയുടെ (സി.ഐ.ആർ. സി) ആദ്യ രൂപമാണ് വേജ് ബോർഡ്. തൊഴിൽ മേഖലയിൽ ദിവസവേതനത്തിനു പകരം പീസ് റേറ്റ് അടിസ്ഥാനത്തിൽ കൂലി നിശ്ചയിക്കുന്നത് ജോർജ്ജ് കമ്മിറ്റി രൂപീകരണത്തിന് ശേഷമാണ്. അന്ന് തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. ധാരാളം തൊഴിലാളികൾ ഉണ്ട്. തൊഴിലാളികളെ റേഷനിംഗ് സമ്പ്രദായത്തിൽ വിനിയോഗിക്കേണ്ട അവസ്ഥയായിരുന്നു. ഈ സാഹചര്യത്തിലാണ് 1948 ൽ അൺ എംപ്ലോയിമെന്റ് കമ്മിറ്റി രൂപീകരണം നടക്കുന്നത്. സ്മിത്ത് കമ്മറ്റി എന്നാണ് ഈ കമ്മറ്റി അറിയപ്പെടുന്നത്. ഈ കമ്മറ്റിയാണ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വൈവിധ്യവൽക്കരണം എന്ന ശുപാർശ വെച്ചത്. കയറും ചണവും സങ്കരമായി ഉപയോഗിച്ച് ചാക്ക് നിർമ്മിക്കുക, ക്യാരി ബാഗുകൾ ഉണ്ടാക്കുക തുടങ്ങി ഉത്പന്ന നിർമ്മാണത്തിൽ വൈവിധ്യവത്കരണത്തിലൂടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്ന നിർദ്ദേശമാണ് ആ കമ്മറ്റി മുന്നോട്ട് വെച്ചത്. അതുപോലെ സഹകരണ സംഘങ്ങൾ രൂപീകരിക്കണമെന്ന നിർദ്ദേശവും ആദ്യമായി മുന്നോട്ട് വെച്ചത് സ്മിത്ത് കമ്മറ്റിയാണ്.



സി. കേശവൻ




എൻ. കുഞ്ഞുരാമൻ

## കയർ വകുപ്പും കയർ സംഘങ്ങളും

1950- ൽ തിരു-കൊച്ചി സർക്കാരിൽ വ്യവസായ മന്ത്രിയായിരുന്ന എൻ.കുഞ്ഞിരാമന്റെ കാലത്താണ് കയർ ഉത്പാദന സംഘങ്ങൾ ആരംഭിക്കുന്നത്. 1951 ലാണ് തിരുവിതാംകൂറിൽ ആദ്യമായി മിനിമം വേജസ്സ് കമ്മറ്റി രൂപീകരിക്കുന്നത് കയർ വ്യവസായ മേഖലയിലാണ്. 1951 ലെ മിനിമം വേജസ്സ് കമ്മറ്റിയുടെ ചെയർമാൻ സി.കേശവനായിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം തിരു-കൊച്ചിയിലെ മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. മുൻ മുഖ്യമന്ത്രി കെ.കരുണാകരൻ ഉൾപ്പെടെ 10 അംഗ കമ്മറ്റിയായിരുന്നു അന്ന് നിയമിക്കപ്പെട്ടത്. സി.കേശവൻ മുഖ്യമന്ത്രിയായതിനെ തുടർന്ന് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും ട്രിച്ചി ക്രിസ്ത്യൻകോളേജിൽ അദ്ധ്യാപകനായിരുന്നപ്രൊഫ. മാത്യു തരകൻ മിനിമം വേജസ്സ് കമ്മറ്റിയുടെ അദ്ധ്യക്ഷനായി നിയമിതനായി.

1950-51 കാലഘട്ടത്തിൽ 5,50,000 ക്വിന്റൽ കയറാണ് കയറ്റുമതി ചെയ്തിരുന്നത്. അന്നത്തെ ഉത്പാദനം 9,70,000 ക്വിന്റലായിരുന്നു. ഇതിൽ 8.00 ലക്ഷം ക്വിന്റൽ തിരുവിതാംകൂറിലും 1.70 ലക്ഷം ക്വിന്റൽ കൊച്ചിയിലുമാണ് ഉത്പാദിപ്പിച്ചത്. ഇത് തിരു-കൊച്ചി സംസ്ഥാനത്തെ കയർ ഉത്പാദനമാണ്. ഇന്ന് മലബാർ കൂടി ഉൾപ്പെടുന്ന കേരള സംസ്ഥാനത്ത് ഒട്ടാകെ അത്രയും ഉത്പാദനം ഇല്ല.

തമിഴ്നാട്ടിലെ സേലം, കോയമ്പത്തൂർ, തഞ്ചാവൂർ എന്നീ വിദൂര സ്ഥലങ്ങളിൽ നിന്നും പോലും അക്കാലത്ത് പച്ചതൊണ്ട് കേരളത്തിൽ എത്തിച്ചിരുന്നതായാണ് മനസ്സിലാക്കുന്നത്. അക്കാലത്ത് കേരളത്തിൽ മാത്രമാണ് ചകിരി ഉത്പാദനവും കയർ ഉൽപ്പാദനവും നടന്നുവന്നിരുന്നത്. മറ്റൊരിടത്തും കയർ ഉൽപ്പാദനം ഇല്ല. അഴുക്കൽ തൊണ്ടിൽ നിന്നാണ് അക്കാലത്ത് ചകിരി ഉത്പാദിപ്പിക്കുന്നത്. ഇത്തരത്തിൽ തൊണ്ട് അഴുക്കി ചകിരിയാക്കുന്നതിനുള്ള ഒരു സംവിധാനവും മറ്റു സംസ്ഥാനങ്ങളിൽ ഇല്ലായിരുന്നു. തൊഴിലാളികളുടെ മേലുള്ള ചൂഷണം വലിയ തോതിലായിരുന്നു.



കെ. കരുണാകരൻ

കുട്ടികളെ വരെ ജോലിയ്ക്ക് നിയോഗിച്ചിരുന്നു. 1951 ലെ മിനിമം വേജസ്സ് കമ്മറ്റിയാണ് ആദ്യമായി കയർ തൊഴിലാളികളുടെ കൂലി ഒരു രൂപയായി നിശ്ചയിച്ചത്. എന്നാൽ തൊഴിലാളികൾക്ക് ലഭിച്ചത് 50 പൈസ മാത്രമായിരുന്നു. ഇതിനെ തുടർന്നാണ് 1953 മുതൽ കയർ തൊഴിലാളികൾ വേതന വർദ്ധനവിനായി സമരം ആരംഭിച്ചത്. ഒരു രൂപയായി കൂലി നിശ്ചയിച്ചെങ്കിലും ഒരണ പോലും വർദ്ധിപ്പിച്ചു നൽകുവാൻ മുതലാളിമാർ തയ്യാറായില്ല.

1953 ൽ ഒരണ വർദ്ധനവിനു വേണ്ടിയാണ് തിരുവിതാംകൂർ കയർ തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ സമരം ആരംഭിച്ചത്. പിന്നീട് കേരള സംസ്ഥാന രൂപീകരണത്തിനുശേഷം എൻ.കുഞ്ഞിരാമൻ ചെയർമാനായി സംസ്ഥാനത്ത് കയർ തൊഴിലാളികൾക്കുവേണ്ടി മിനിമം വേജസ്സ് കമമറ്റി രൂപീകരിച്ചു. 09.01.1961 ലാണ്



ഈ കമ്മിറ്റി നിലവിൽ വന്നത്. ഈ കാലഘട്ടം ആയപ്പോഴേയ്ക്കും കയർ ഉത്പാദനത്തിലേയ്ക്ക് പരമ്പരാഗത രീതിയിൽ തമിഴ്നാടും കടന്നുവരുകയുണ്ടായി. എന്നാൽ പച്ചതൊണ്ട് ഉപയോഗിച്ചുള്ള ഉത്പാദനം അന്ന് ആരംഭിച്ചിട്ടില്ലായിരുന്നു. തമിഴ്നാട്ടിൽ കയർ പിരിക്കുന്നതിനുള്ള അഴുക്കൽ തൊണ്ടിന്റെ ചകിരി കേരളത്തിൽ നിന്നും കൊണ്ടു പോയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിൽ അഴുക്കൽ തൊണ്ടിന്റെ ചകിരി ബണ്ടിലുകളായി കിടക്കുന്നത് എൻ.കുഞ്ഞിരാമൻ കമ്മറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. സേലം പോലുള്ള സ്ഥലങ്ങളിൽ അക്കാലത്ത് കയർ ഉത്പാദനം നടത്തിയിരുന്നത് കേരളത്തിൽ നിന്നുള്ള ചകിരി ഉപയോഗിച്ചിരുന്നു. തുടർന്ന് ചണവും സൈസലും മറ്റു പ്രകൃതിദത്ത നാരുകളും ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം വ്യാപകമായി തുടങ്ങി. എന്നാൽ കയറിന്റെ ഈട് നിൽപ്പും മഴമൂലവും മറ്റും നനയുമ്പോൾ നനവിൽ നിന്നും വെള്ളത്തെ പ്രതിരോധിക്കുവാനുള്ള ശേഷിയും കയറിന്റെ മേൻമകളായതിനാലാണ് മറ്റു ഉത്പന്നങ്ങളിൽ നിന്നും കയറിനെ വ്യത്യസ്ഥമാക്കിയത്. ഇത് വിപണനത്തിന് അനുകൂല ഘടകമായിരുന്നു.

കയറ്റുമതിക്കാരുടെ ഇടയിലുണ്ടായിരുന്ന പരസ്പര മത്സരം മൂലം കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും ഗുണമേൻമ കുറഞ്ഞു കുറഞ്ഞു വന്നത് ദോഷകരമായി തീർന്നു. തുടർന്ന് കയർ മേഖലയിൽ പുതിയ നിബന്ധനകളും നിയന്ത്രണങ്ങളും ലൈസൻസിഗും വേണമെന്ന് കുഞ്ഞിരാമൻ കമ്മറ്റി ശുപാർശ ചെയ്തു. അക്കാലത്ത് കയർ ഉത്പാദനം 20 ശതമാനം സഹകരണ സംഘങ്ങളിലും 80 ശതമാനം സ്വകാര്യ മേഖലയിലുമായിരുന്നു. എന്നാൽ മിനിമം വേജസ്സ് കമ്മിറ്റി ലക്ഷ്യമിട്ടത്, സംഘങ്ങളിലെ ഉത്പാദനം 60 ശതമാനമായി വർദ്ധിപ്പിക്കണമെന്നായിരുന്നു.

## ഉത്പാദക സംഘങ്ങളിൽ നിന്നും തൊഴിലാളി സംഘങ്ങളിലേയ്ക്ക്

1957 ലെ ആദ്യത്തെ ഇ.എം.എസ് സർക്കാർ അധികാരമേൽക്കുന്നത് വരെ കേരളത്തിൽ തൊഴിലാളി സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നില്ല. മറിച്ച് ഉത്പാദക സഹകരണ സംഘങ്ങളായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. ഇ.എം.എസ് മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന കെ.പി.ഗോപാലൻ മുൻകൈയെടുത്ത് പാലക്കാട് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥനായിരുന്ന തെയ്യുണ്ണി മേനോനെ കയറിന്റെ ഏകാംഗ കമ്മീഷനായി നിയമിച്ചു. കയർ മേഖലയിൽ തൊഴിലാളി സംഘങ്ങൾ രൂപീകരിക്കുന്നതിനെക്കുറിച്ച് ശുപാർശ നൽകുന്നതിനും കമ്മീഷനോട് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1957 ലാണ് ഇ.എം.എസ് സർക്കാർ ആദ്യമായി തൊഴിലാളി സഹകരണ സംഘങ്ങൾ കയർ മേഖലയിൽ ആരംഭിക്കുന്നത്. സർക്കാരിന്റെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സംഘാംഗങ്ങളിൽ 93 ശതമാനവും തൊഴിലാളികൾ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തു.

ഈ വ്യവസ്ഥ രണ്ടാം ഇ.എം.എസ് സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 1969 ലെ കേരള സഹകരണ നിയമത്തിൽ ഉൾപ്പെടുത്തി നിയമ പരിരക്ഷ നൽകുകയും ചെയ്തു. 1957 ലെ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് തന്നെയാണ് മാറ്റ്സ് & മാറ്റിംഗ്സ് മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. തൊഴിലാളികളുടെ കൂലി അപ്പോഴും 8 അണ തന്നെയായിരുന്നു. ഇ.എം.എസ് സർക്കാരിന്റെ കാലത്ത് കൂലി വർദ്ധനവിനായി കയർ തൊഴിലാളികൾ ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ നടത്തിയ സമരമാണ്, ഭരണവും സമരവും എന്ന ആശയത്തിന് പ്രചോദനമായി തീർന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ശക്തമായ സമരത്തിന്റെയും ഇ.എം.എസ് സർക്കാരിന്റെ ഇടപെടലിന്റെയും ഫലമായി കയർ തൊഴിലാളികൾക്ക് നേരിയ കൂലി വർദ്ധനവ് നേടിയെടുക്കുവാൻ കഴിഞ്ഞിരുന്നു. എന്നാൽ ആ സർക്കാർ പിരിച്ചുവിടപ്പെട്ടതോടുകൂടി ഈ നേരിയ വർദ്ധനവും പിന്നീട് നിക്ഷേധിക്കപ്പെട്ടു.

***(കയർ ബോർഡ് രൂപീകരണം, ഒന്നാം കയർ പുനഃസംഘടനാ പദ്ധതി, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. തച്ചടി കമ്മറ്റി, ആനത്തലവട്ടം കമ്മറ്റി, കയർ കമ്മീഷൻ, രണ്ടാം കയർ പുനഃസംഘടനാ പദ്ധതി തുടങ്ങിയ വിഷയങ്ങൾ അടുത്ത ലക്കത്തിൽ പ്രതിപാദിക്കുന്നതാണ്.)***

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bhavanagar | 9497757231 | 0278-2516620 | |
| 29 | Bhopal | 09303964488 | 0755-2745923 | |
| 30 | Calcutta | 09163342270 | 033-22353029 | |
| 31 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 32 | Delhi | 09958272064 | 011-22544026 | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Surat II | | | |
| 45 | Trichy | 09750125580 | 09750125580 | |
| 46 | Pandurna | 09422857737 | 0716-4220183 | |
| 47 | Chapra | 09939066693 | 08986369244 | |
| 48 | Warud | 09421739326 | 0722-9234223 | |



*കയർഫെഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയിൽ കയർ വികസന ഡയറക്ടർ വി.ആർ.വിനോദ്, ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തുന്നു*

## വി.ആർ. വിനോദ് ഐ.എ.എസ്.

കയർ വികസന ഡയറക്ടർ

**ക**യർഫെഡിന് ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെല്ലാം ഷോറൂമുകൾ ഉണ്ട്. ഇങ്ങനെ പ്രധാനമായ 27 ഓളം ഷോറൂമുകളാണുള്ളത്. ഈ ഷോറൂമുകൾ എല്ലാം തന്നെ സംസ്ഥാന സർക്കാരിന്റെയും കയർ വികസന വകുപ്പിന്റെയും ഷോറൂമുകൾ കൂടിയാണ്. അതിലുപരി ഈ ഷോറൂമുകൾ എല്ലാം തന്നെ നമ്മുടെ സംസ്ഥാനത്തെ തന്നെ അന്യദേശങ്ങളിൽ പ്രതിനിധീകരിക്കുന്നതായാണ് മനസിലാക്കുന്നത്. ചില ഷോറൂമുകൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. എല്ലാ നഗരങ്ങളിലും മലയാളി അസോസിയേഷനുകൾ ഉണ്ട്. അവരുടെ സഹായം കയർഫെഡിന്റെ ഷോറൂമുകൾക്ക് ലഭിക്കുന്നതാണ്. കയർഫെഡിന്റെ ഷോപ്പുകളിലൂടെ വിൽക്കുന്ന ഉത്പന്നങ്ങൾ മികച്ചഗുണനിലവാരം പുലർത്തുന്നതാണ്. മറ്റു ഉത്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായി കയറിന്റെ ഉത്പന്നങ്ങൾ പ്രകൃതിസൗഹൃദ ഉത്പന്നങ്ങളാണ്. നമമുടെ ഉത്പന്നങ്ങൾക്ക് പകരമായി കൃത്രിമമായ മറ്റ് ഉത്പന്നങ്ങൾ വിപണിയിൽ ലഭിക്കുന്നുണ്ട്. നമ്മുടെ ഉത്പന്നങ്ങൾക്ക് വിപണിയിൽ വലിയ സാധ്യതയാണുള്ളത്. വിപണിയിൽ ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ കഴിയുന്നവിധം ജീവനക്കാർക്ക് നൽകുന്ന പരിശീലന പരിപാടി വളരെയധികം ഗുണം ചെയ്യുന്നതാണ്. അതിന് സഹായകരമായ പരിശീലന സിലബസാണ് ഈ 9 ദിവസക്കാലത്തേയ്ക്ക് തയാറായിരിക്കുന്നതെന്ന് കാണാൻ കഴിയും.

പലവിധ ബുദ്ധിമുട്ടുകൾ നേരിടുമെങ്കിലും ലഭിച്ച ഈ തൊഴിൽ ആസ്വദിച്ചു നിർവഹിച്ചാൽ അതെല്ലാം തരണം ചെയ്തു മുന്നേറുവാൻ സാധിക്കുന്നതാണ്. നമ്മുടെ കുടുംബപരമായ പ്രശ്നങ്ങളും മറ്റും മാറ്റിവെച്ച് വളരെ പോസിറ്റിവായി വേണം ജോലിയെ സമീപിക്കുവാൻ എന്ന് പുതിയ ജീവനക്കാരോട് ആഹ്വാനം ചെയ്യുന്നു. മറ്റു സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ ജോലി ചെയ്യുവാൻ ലഭിച്ച അവസരത്തെ ശുഭാപ്തി വിശ്വാസത്തോടു കൂടി വേണം സമീപിക്കേണ്ടത്. മറ്റു സംസ്ഥാനങ്ങളിലെ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നമ്മുടെ കയർ ഭൂവസ്ത്രവും മറ്റു ഉൽപ്പന്നങ്ങളും അവിടങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് കയർ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ പുതിയ മാർക്കറ്റുകൾ കണ്ടെത്തുമ്പോൾ കയർഫെഡും മറ്റു കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങളായിരിക്കണം അവിടെ വിപണനം ചെയ്യേണ്ടത്. അപ്പോൾ ഈ വിപണന സാധ്യതകളിൽ ഒരു പ്രധാന പങ്കാണ് കയർഫെഡിന്റെ ഈ ഷോറൂമുകൾ നിർവഹിക്കേണ്ടിവരിക. അത്തരത്തിൽ വലിയ സാധ്യതകളാണ് നമ്മുടെ മുന്നിൽ തുറന്നു കിടക്കുന്നത്. നമ്മുടെ ഉത്പന്നങ്ങൾ വിപണിയിൽ വലിയ സ്വീകാര്യത നേടിയവയാണ്. ഈ ഉത്പന്നങ്ങൾ വാങ്ങുവാൻ ഉപഭോക്താക്കൾ നമ്മളെ തേടി വരുന്ന സാഹചര്യമുണ്ടാകും. കയർഫെഡിന്റെ അന്യസംസ്ഥാനത്തെ ഷോറൂമുകൾ സന്ദർശിച്ചപ്പോൾ തോന്നിയ ഒരു കാര്യം കയർഫെഡിന്റെ ഷോറൂമുകൾ കുറച്ചും കൂടി ആകർഷകമാക്കണമെന്നാണ്. കാരണം ഈ ഷോറൂമുകൾ വഴി കേരളത്തെയാണ് അവർ നോക്കിക്കാണുന്നത്. അതിനാൽ കുറച്ചുകൂടി നല്ല സ്ഥലങ്ങളിൽ ഷോറൂമുകൾ പ്രവർത്തിപ്പിക്കുന്നത് നന്നായിരിക്കും. അതുപോലെ നല്ല ഉത്പന്നങ്ങൾ അവിടെ എത്തിച്ച് വിറ്റഴിക്കുകയും വേണം.

ഈ പരിശീലനം വളരെ നല്ല നിലയിൽ വേണം കാണുവാൻ. ഏറ്റവും പ്രഗത്ഭരായവരെയാണ് ഇവിടെ പരിശീലനത്തിനായി ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ ഏൽപ്പിച്ചിട്ടുള്ളത്. അത് പരമാവധി പ്രയോജനപ്പെടുത്തണം. കയർ മേഖലയിൽ പണിയെടുക്കുന്ന ഒന്നര ലക്ഷത്തിൽപ്പരം തൊഴിലാളികളെ മനസിൽ കണ്ടുകൊണ്ടുവേണം നമ്മൾ പ്രവർത്തിക്കുവാൻ. അതുവഴി ആ തൊഴിലാളികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് കഴിയുമെന്നതും പ്രധാനമാണ്. ഇന്ന് പരിശീലനം സിദ്ധിച്ച് ജോലിയിൽ പ്രവേശിക്കുന്നവർക്ക് കയർഫെഡിന്റെയും ഡിപ്പാർട്ട്മെന്റിന്റെയും എല്ലാവിധ സഹായവും സഹകരണവും ഉണ്ടാകുമെന്നും കയർ വികസന ഡയറക്ടർ യോഗത്തിൽ പ്രഖ്യാപിച്ചു.

# പ്രതിസന്ധികളെ കഠിനാധ്വാനം കൊണ്ട് മറികടക്കണം




**ആനത്തലവട്ടം ആനന്ദൻ**
(അപ്പക്സ് ബോഡി ഫോർ
കയർ വൈസ് ചെയർമാൻ)

**ക**യർ വ്യവസായ രംഗത്ത് നിനിൽക്കുന്ന പ്രതിസന്ധികളെ കഠിനാധ്വാനംകൊണ്ട് മറികടക്കേണ്ടതുണ്ട്. ഒരു സ്ഥാപനത്തിന്റെ നിലനിൽപ്പ് ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നിലനിൽപ്പ് കൂടിയാണ്. സ്ഥാപനം നശിച്ചാൽ ജീവനക്കാർക്കും നിലനിൽപ്പില്ല. ഈ വ്യവസായം ഇന്ന് കടുത്ത മത്സരത്തിലാണ്. ആ മത്സരത്തിൽ നമുക്ക് പിടിച്ചു നിൽക്കാൻ കഴിയണം. ഒരു കച്ചവടവും നടന്നില്ലെങ്കിലും ശമ്പളം കൃത്യമായും കിട്ടുമെന്ന ധാരണ ഒരിക്കലും നല്ലതല്ല. അങ്ങനെ വിൽപനയില്ലാതെ ശമ്പളം കൃത്യമായി കൊടുത്തുകൊണ്ടുപോകുവാൻ കഴിയുന്ന വ്യവസായമല്ല ഇത്. ഒരു വ്യവസായത്തിനും അത് കഴിയില്ലെന്ന് നമ്മൾ ഓർക്കണം. ഇന്ന് ഓരോ തൊഴിൽ മേഖലയിലും കടുത്ത മത്സരം നടക്കുകയാണ്. മനുഷ്യാധ്വാനം ഇല്ലാതെ യന്ത്രസഹായത്താൽ പ്രവർത്തനം നടക്കുന്ന കാലമാണ്.

തൊഴിൽ അവസരങ്ങൾ കുറഞ്ഞു വരികയാണ്. തൊഴിലില്ലായ്മ പെരുകിവരുകയാണ്. സംഘടിത മേഖലയിൽ മാസവരുമാനക്കാരായവരുടെ എണ്ണം ഇന്ത്യയിൽ ഏഴ് ശതമാനം മാത്രമാണ്. 93 ശതമാനവും ജോലി സ്ഥിരതയില്ലാത്തവരാണ്. ജോലി ഉള്ളപ്പോൾ വരുമാനമില്ല. ഇതാണ് ഇന്നത്തെ സ്ഥിതി. അതിനാൽ ലഭിച്ച ജോലി നിലനിർത്തിക്കൊണ്ടുപോകുവാൻ നന്നായി പരിശ്രമിക്കണം. സർക്കാർ ആഫീസുകളുടെ എണ്ണം കുറയുന്നു. സംഘടിത മേഖലയിലെ തൊഴിൽ കുറയുന്നു. വ്യവസായ ശാലകൾ മനുഷ്യനുപകരം സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നു. സർക്കാർ ആഫീസുകൾ വ്യവസായ സ്ഥാപനമല്ല. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ ആ കൂട്ടത്തിൽപ്പെടുത്തുവാൻ കഴിയില്ല. സർക്കാരിന്റെ സഹായത്തിലാണ് ഇന്ന് ഇത്തരം സ്ഥാപനങ്ങൾ നിലനിൽക്കുന്നത്. എന്നാൽ സർക്കാരിന്റെ സഹായത്തിന് ഒരു പരിമിതിയുണ്ട്. കയർ മേഖലയിലെ പി.എം.ഐ സഹായം നൽകാൻ ഫണ്ടില്ലാത്തതിനാൽ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഈ ബാധ്യത സംഘം സെക്രട്ടറിമാരും പ്രസിഡന്റുമാരും ഏറ്റെടുക്കുന്ന സ്ഥിതിയാണ്. ചില കയർ സംഘത്തിൽ സെക്രട്ടറിമാർക്ക് ശമ്പളം എടുക്കുവാനുള്ള വരുമാനമില്ല. അവരും കയർ മേഖലയിലെ ജീവനക്കാരാണ്. സംഘം സെക്രട്ടറിമാർക്ക് 5,000രൂപ സർക്കാർ സഹായം നൽകുന്നുണ്ടായിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ അതിന് പണം നീക്കിവെച്ചിട്ടില്ല. കയർഫെഡിൽ നേരത്തെ നിയമിച്ചവരെയെല്ലാം അവരുടെ കഴിവ് മാത്രം മാനദണ്ഡമായി പരിഗണിച്ചാണ് നിയമിച്ചിട്ടുള്ളത്. കയർഫെഡിലെ ഇപ്പോഴത്തെ ജനറൽ മാനേജരെ എല്ലാം അക്കാലത്ത് അങ്ങനെ നിയമിച്ചതാണ്. ഈ നിയമനങ്ങളിൽ വേറൊരു പരിഗണനയും നോക്കിയില്ല. കഴിവ് മാത്രമാണ് കണക്കിലെടുത്തത്.

മുൻകാലങ്ങളിൽ തികച്ചും മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും അക്കാര്യത്തിൽ യാതൊരു ശുപാർശയും സ്വീകരിച്ചിട്ടില്ല. ഈ ജീവനക്കാരെല്ലാം വേതനത്തിന്റെ കണക്ക് നോക്കാതെ സ്ഥാപനത്തിന് വേണ്ടി നിസ്വാർത്ഥമായി കഠിനാധ്വാനം ചെയ്തിട്ടുമുണ്ട്.

1979 ലാണ് കയർഫെഡ് രൂപീകൃതമാകുന്നത്. കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നീ നാല് സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘങ്ങൾ സംയോജിപ്പിച്ചാണ് കയർഫെഡ് ആരംഭിക്കുന്നത്. ഏതു സ്ഥാപനത്തിലും ജോലി ചെയ്യുമ്പോൾ ആ സ്ഥാപനത്തെക്കുറിച്ച് പൊതുവായ ഒരു അറിവും ധാരണയും ഉണ്ടാവേണ്ടതാണ്. ആധുനിക വ്യവസായമായാലും പരമ്പരാഗത വ്യവസായമായാലും ആ മേഖലയെക്കുറിച്ച് ഒരു പരിജ്ഞാനം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ പരാജയപ്പെട്ടുപോകും. കയർ വ്യവസായം എന്ന് പറഞ്ഞാൽ ഇഴപിരിഞ്ഞു കിടക്കുന്ന ഒരു വ്യവസായമാണ്. വ്യവസായത്തിൽ സങ്കീർണ്ണമായ പല പ്രശ്നങ്ങളും ഉണ്ട്. എന്നാൽ ആത്മാർത്ഥമായി വിചാരിച്ചാൽ അതൊക്കെ പരിഹരിക്കുവാൻ നമുക്ക് കഴിയും.

1950 കളിൽ ഏകദേശം 10 ലക്ഷം തൊഴിലാളികളുടെ ഉപജീവന മാർഗമായിരുന്നു കയർ വ്യവസായം. അന്ന് കേരളത്തിൽ നിന്നുള്ള കയറ്റുമതിയിൽ 60 ശതമാനവും കയർ ആയിരുന്നു. ബാക്കി മറ്റു നാണ്യവിളകളുമായിരുന്നു. അന്നത്തെ കണക്കിൽ കയർ കയറ്റുമതിയിലൂടെ ഏകദേശം 10 ലക്ഷം രൂപയുടെ വിദേശ നാണ്യം നമുക്ക് നേടിതന്നിരുന്ന ഒരു വ്യവസായമാണ് ഇത്. ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിതന്നിരുന്ന ഒരു വ്യവ

സായവും ഇതായിരുന്നുവെന്ന് നാം ഓർക്കണം. തീരദേശത്തെ ഏകദേശം 260 വില്ലേജുകളിലെ പ്രധാന ഉപജീവനമാർഗ്ഗവും കയർ വ്യവസായമായിരുന്നു. കേരളത്തെ ഒരു കാലത്ത് ജീവിപ്പിച്ച ഒരു വ്യവസായവും ഈ പരമ്പരാഗത വ്യവസായമായിരുന്നു. ഇപ്പോൾ കേരളത്തിലെ കയർ വ്യവസായത്തെക്കുറിച്ചും കയർ തൊഴിലാളികളെക്കുറിച്ചും പലർക്കും വലിയ മതിപ്പില്ലാത്ത നിലയുണ്ട്. പക്ഷെ ഇന്നത്തെ കേരള ജനതയെ ഉയർത്തിക്കൊണ്ടുവരുന്നതിൽ അക്കാലത്ത് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികളുടെ പങ്ക് വളരെ വലുതാണ് എന്ന് നമ്മൾ ഓർക്കണം.

അന്ന് തൊണ്ട് അഴുക്കി, ചതച്ച്, കൈകൊണ്ട് കയർ പിരിച്ച് ഉത്പന്നങ്ങളാക്കി വിദേശത്ത് കയറ്റി അയച്ചതു വഴി നേടിയ വിദേശനാണ്യം കൊണ്ടാണ് ഇന്നത്തെ കേരളം വളർന്നത്. അന്നത്തെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ അദ്ധ്വാനമാണ് ഇതിന് പിന്നിലുള്ളത്. അന്ന് നാലണയ്ക്കും രണ്ടണയ്ക്കും പണിയെടുത്തിരുന്ന തൊഴിലാളികൾ ഉണ്ടായിരുന്നു. ഈ രംഗത്ത് പ്രവർത്തനം ആരംഭിച്ച സമയത്ത് 8 അണ (അര രൂപ) യായിരുന്ന ഒരു തൊഴിലാളിയുടെ കൂലിയെന്ന് അദ്ദേഹം അനുസ്മരിച്ചു. അതിനു മുമ്പ് 28 ചക്രമായിരുന്നു കൂലി. ഈ കൂലി ഒരാവശ്യത്തിനും തികയില്ലായിരുന്നു. ആ തൊഴിലാളികൾ അർദ്ധ പട്ടിണിക്കാരായിരുന്നു. ഇങ്ങനെയൊക്കെയാണ് ആ തൊഴിലാളികൾ കയർ പിരിച്ച് അത് കയറ്റുമതി ചെയ്ത് വിദേശനാണ്യം നേടിതരുന്നതിൽ പങ്ക് വഹിച്ചത്. തീരദേശത്തെ ജനതയെ ഒരു കാലത്ത് പൂർണമായും തീറ്റിപോറ്റിയിരുന്ന മേഖലയാണ് കയർ വ്യവസായം. കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് കായലുകളിലും തോടുകളിലും തൊണ്ട് പൂഴ്ത്തി 6-8 മാസം ചീയിച്ച് അത് തല്ലി ചകിരിയാക്കിയാണ് കയർ കൈകൊണ്ട് പിരിച്ചിരുന്നത്.

കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ മാത്രമായിരുന്നു കയർ വ്യവസായം ഉണ്ടായിരുന്നത്. തൊണ്ട് ചീയിച്ച് കയർ വ്യവസായം നടത്തിക്കൊണ്ടുപോകുവാൻ നമ്മുടെ കാലാവസ്ഥ മാത്രമാണ് പര്യാപ്തമായിട്ടുള്ളത്. എന്നാൽ ആധുനിക സാങ്കേതികവിദ്യ കടന്നുവന്നതോടുകൂടി നിലയാകെ മാറി. ഇന്ന് തൊണ്ട് എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം കയർ ഉണ്ട്. അതെങ്ങനെ ഉണ്ടായി. തൊണ്ട് ചീയിക്കാതെ പച്ചതൊണ്ട് യന്ത്രത്തിൽ തല്ലി ചകിരിയാക്കി കയർ ഉത്പാദനം നടത്തുന്ന സ്ഥിതിയിലേക്ക് വ്യവസായം മാറി. ഇരുപത്തിഒന്നാം നൂറ്റാണ്ടായപ്പോഴേയ്ക്കും വ്യാപകമായ നിലയിൽ തൊണ്ട് തല്ല് യന്ത്രങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. ഇതിന്റെ ഫലമായി തൊണ്ട് ഉള്ള സ്ഥലങ്ങളിലെല്ലാം കയർ ഉത്പാദിപ്പിക്കുവാൻ തുടങ്ങി. ഇതാണ് കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തിന്റെ നിലനിൽപ്പിന് ഭീഷണിയായി മാറിയത്. കയർ പിരിക്കുവാനും യന്ത്രം വന്നതോടുകൂടി കയർ വ്യവസായം ഇന്ന് എല്ലാ നാട്ടിലും ഉണ്ടെന്ന സ്ഥിതിയായി. നമ്മുടെ സംസ്ഥാനത്ത് ആധുനിക വ്യവസായങ്ങളുടെ വരവോടുകൂടിയും സാങ്കേതികവിദ്യയുടെ ഫലമായി പരമ്പരാഗത വ്യവസായങ്ങൾ നാശോന്മുഖമായി തുടങ്ങി. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കയർ വ്യവസായം നടത്തിക്കൊണ്ടു പോകേണ്ടതായി വന്നിട്ടുണ്ട്

1957 ൽ 10 അണയാണ് കൂലിയെങ്കിലും 8 അണ പോലും കിട്ടിയിരുന്നില്ല. ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ കയർ തൊഴിലാളികൾക്ക് സർക്കാരിന്റെ സഹായം എത്തിച്ചു കൊടുക്കുന്നതരത്തിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചു. ഈ പ്രൈമറി സഹകരണ സംഘങ്ങളുടെ കേന്ദ്രസംഘമാണ് കയർഫെഡ്. സഹകരണ സംഘങ്ങൾ കയർഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുകയാണ്. 1957 ലെ സർക്കാർ സഹകരണ സംഘങ്ങളിൽ 93 ശതമാനവും തൊഴിലാളികളും ഏഴ് ശതമാനം മറ്റുള്ളവരും എന്ന നിലയിൽ വേണമെന്ന വ്യവസ്ഥ നടപ്പിലാക്കി. 1952 ലും 50 കളിലും സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അത്തരം സംഘങ്ങൾ തൊഴിലാളി സഹകരണ സംഘങ്ങൾ ആയിരുന്നില്ല.

തൊഴിലാളികളുടെ പേരിൽ തൊണ്ട് കച്ചവടക്കാരും മുതലാളിമാരും സർക്കാർ ഉദ്യോഗസ്ഥൻമാരും തുടങ്ങിയവരും ചേർന്നതായിരുന്നു അത്തരം സംഘങ്ങൾ. അത്തരംസംഘങ്ങൾകൊണ്ട് തൊഴിലാളികൾക്ക് ഒരു ഗുണവും കിട്ടിയിരുന്നില്ല. സ്വകാര്യമുതലാളിമാരും മറ്റും ചെയ്യുന്ന സേവനം മാത്രമേ ഇത്തരം സംഘങ്ങളും ചെയ്തിരുന്നുള്ളൂ. 1957 ലെ സർക്കാർ ഇത്തരം സംഘങ്ങളുടെ പോരായ്മകൾ മനസിലാക്കിക്കൊണ്ട് സംഘങ്ങൾ സംഘടിപ്പിച്ചു. ഇതുവഴി തൊഴിലാളികൾക്ക് തൊഴിലും മെച്ചപ്പെട്ട കൂലിയും ലഭിക്കണമെന്നാണ് സർക്കാർ ആഗ്രഹിച്ചത്. ആദ്യകാലങ്ങളിൽ ഈ സംഘങ്ങളുടെയെല്ലാം കേന്ദ്രസംഘമായിരുന്ന ആലപ്പുഴയിലെയും കൊല്ലത്തെയും കേന്ദ്രമാർക്കറ്റിംഗ് സംഘങ്ങളും ഈ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ വാങ്ങി അഡ്വാൻസ് നൽകുന്ന പതിവായിരുന്നു. എന്നാൽ വില നൽകില്ലയെന്ന സ്ഥിതിയായിരുന്നു. ഇങ്ങനെ വാങ്ങുന്ന കയർ എന്നാണോ വിൽക്കുന്നത് ആ



*കയർഫെഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടി ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, കയർ വികസന ഡയറക്ടർ വി.ആർ.വിനോദ്.ഐ.എ.എസ്, സ്പെഷ്യൽ ഓഫീസർ എൻ.പത്മകുമാർ, മാനേജിംഗ് ഡയറക്ടർ സി.സുരേഷ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എസ്.എൽ.സജികുമാർ, വി.എസ്.മണി, ജനറൽ മാനേജർ ബി.സുനിൽ എന്നിവർ സമീപം*

വിലയിൽ സെൻട്രൽ മാർക്കറ്റിംഗ് സംഘങ്ങളുടെ ചെലവും കിഴിച്ച് ബാക്കി തുകയാണ് സംഘങ്ങൾക്ക് നൽകിയിരുന്നത്. എന്നാൽ ഈ കയർ വിറ്റഴിക്കാതെ ഇരുന്ന് ദ്രവിച്ചുപോയാൽ പിന്നീട് കയർ ഇറക്കുമ്പോൾ നേരത്തെ കയറിന് നൽകിയ അഡ്വാൻസ് കുറവ് ചെയ്യുന്ന രീതിയുമാണുണ്ടായിരുന്നത്. ഇതുമൂലം പ്രാഥമിക കയർ സംഘങ്ങൾക്ക് ഒരു നിശ്ചിത വില ലഭിച്ചിരുന്നില്ല.

കേന്ദ്ര സംഘത്തിന് യാതൊരു നഷ്ടവുമില്ല. നഷ്ടം സഹിക്കേണ്ടിയിരുന്നത് പ്രാഥമിക സംഘങ്ങളായിരുന്നു. ഇതുമൂലം സംഘങ്ങൾക്ക് തൊണ്ട് വാങ്ങുവാനോ, കൂലി നൽകുവാനോ കഴിയാത്ത സ്ഥിതിയായിരുന്നു. ഉത്പാദന ചെലവിന് അനുസരണമായി വില ലഭിക്കാത്തത് സംഘങ്ങളെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ഇത് സഹകരണ മേഖലയിലെ വളരെ വലിയൊരു വൈകല്യമാണെന്ന് മനസ്സിലാക്കി. കയർ പിരിസംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറിന് ഉത്പാദന ചെലവിന് അനുസരണമായ വില നൽകണം. അഡ്വാൻസ് അല്ല നൽകേണ്ടത്. അല്ലങ്കിൽ സഹകരണ സംഘങ്ങൾ ഇല്ലാതാകും. അതുകൊണ്ട് ഓരോ തരം കയറിന്റെയും വില തീരുമാനിക്കണമെന്ന് നിലപാട് സ്വീകരിച്ചു. സെൻട്രൽ മാർക്കറ്റിംഗ് സംഘം മാറി കയർഫെഡ് വന്നപ്പോഴാണ് ഈ നിലമാറി പുതിയ സംവിധാനം നിലവിൽ വന്നത്. ഇതോടുകൂടി കയറിന്റെ പ്രധാന വില നിയന്ത്രണാധികാരിയായി കയർഫെഡ് മാറി. കമ്പോളത്തിൽ കയർ ആവശ്യമെങ്കിൽ കയർഫെഡിനെ സമീപിക്കണം എന്ന സ്ഥിതി സംജാതമായി. ഇതിനായി ആവശ്യമായ ഗോഡൗൺ സംവിധാനങ്ങൾ രൂപപ്പെട്ടു.

നാല് കേന്ദ്ര മാർക്കറ്റിംഗ് സംഘങ്ങളുടെ വസ്തുവകകളുടെ ഫലമായി വലിയ ഗോഡൗൺ സൗകര്യങ്ങൾ കയർഫെഡിനുണ്ടായി. ഇത്രയും വലിയ ഗോഡൗൺ സൗകര്യങ്ങൾ ഉള്ള മറ്റൊരു സ്ഥാപനം കേരളത്തിൽ ഇല്ല. കയർഫെഡ് ഈ ചരക്കുകൾ വിൽക്കുന്നതിനുവേണ്ടിയാണ് രാജ്യത്താകമാനം കയർഫെഡ് ഷോറൂമുകൾ ആരംഭിച്ചത്. അതിൽ പ്രധാനപ്പെട്ടതാണ് കൽക്കത്ത, അമൃത്സർ, സൂററ്റ്, അഹമ്മദാബാദ്, സിലിഗുരി തുടങ്ങിയത്. ഇവിടെയെല്ലാം കയർഫെഡിന് ഗോഡൗൺ സൗകര്യങ്ങൾ ഉണ്ട്. മിക്കതും വിലയ്ക്കു വാങ്ങിയതാണ്.

കൂടാതെ വാടകയ്ക്കുള്ളതുമുണ്ട്. ഇവിടെയെല്ലാം കയറും കയർ ഉത്പന്നങ്ങളും സ്റ്റോക്ക് ചെയ്ത് വിൽക്കുകയാണ്. മഹാരാഷ്ട്രപോലുള്ള സംസ്ഥാനങ്ങളിൽ കയറിന് നല്ല മാർക്കറ്റ് ഉണ്ടായിരുന്നു.

**സ്റ്റോക്ക് പരിശോധനയുടെ അനുഭവം**

കയർഫെഡ് പ്രസിഡന്റായിരുന്നപ്പോൾ കേരളത്തിന് വെളിയിൽ സ്റ്റോക്ക് പരിശോധനയ്ക്ക് പോയ മറക്കാനാവാത്ത ഒരു അനുഭവമുണ്ട്. കയർഫെഡിന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർ വർഷത്തിൽ ഒരിക്കൽ സ്റ്റോക്ക് വെരിഫിക്കേഷനായി അന്യസംസ്ഥാനങ്ങളിലെ ഷോറൂമുകളിൽ പോകുന്ന പതിവുണ്ടായിരുന്നു. അവിടെയുള്ള ജീവനക്കാർ, ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഏജന്റുമാരുണ്ട്. ഇവരെല്ലാം വിൽപ്പന നടത്തുന്നത് പരിശോധിക്കുക, സ്റ്റോക്ക് ശരിയായി ഉണ്ടോ, എന്തെങ്കിലും തിരിമറി നടത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിനാണ് ഈ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സംവിധാനം ഇപ്പോഴും തുടർന്ന് വരുന്നുണ്ട്. ഇങ്ങനെ ഒരിക്കൽ പഞ്ചാബിലെ അമൃത്സർ ഷോറൂമിൽ കയർഫെഡ് പ്രസിഡന്റ് എന്ന നിലയിൽ പരിശോധനയ്ക്ക് പോയപ്പോഴുള്ള അനുഭവം വളരെ നടുക്കമുളവാക്കുന്നതാണ്. ബ്രിട്ടീഷ് ഭരണകാലത്ത് പണികഴിപ്പിച്ചിട്ടുള്ള ഗോഡൗണിലാണ് ചരക്ക് സൂക്ഷിച്ചിട്ടുള്ളത്. അവിടെ വളരെ വിജനവും വെളിച്ചവുമില്ലാത്ത സ്ഥലമായിരുന്നു. ആ ഗോഡൗണിൽ നന്നായി കെട്ടി അടുക്കി കയർ സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. പഞ്ചാബിലെ ഏറ്റവും കൂടുതൽ സ്റ്റോക്കുള്ള ഗോഡൗണായിരുന്നു അത്.

സ്റ്റോക്ക് പരിശോധന നന്നായി നടക്കണമെങ്കിൽ ഇതെല്ലാം കണ്ട് ബോധ്യപ്പെട്ട് എണ്ണി തിട്ടപ്പെടുത്തണം. അവിടെ എഴുതിവെച്ചിരിക്കുന്നത് സ്റ്റോക്ക് ഒപ്പിട്ട് കൊടുക്കാനാവില്ല. എന്നാൽ ഇതെല്ലാം പരിശോധിക്കുന്നത് വളരെ ശ്രമകരവുമാണ്. അവിടെയുള്ള തൊഴിലാളികളെല്ലാം പഞ്ചാബികളാണ്. ഭാഷ മനസ്സിലാവില്ല. കയറിന്റെ വിൽപനയ്ക്കായി നിയോഗിച്ചിട്ടുള്ള ഏജന്റ് അവിടെയുള്ള ഒരു പ്രമാണിയും നല്ല സ്വാധീനമുള്ള യാളുമാണ്. അവിടെയുള്ള ജില്ലാ പോലീസ് സൂപ്രണ്ട് ഈ ഏജന്റിന്റെ സഹോദരനുമാണ്. എല്ലാവിധ സ്വാധീനവും അവർക്ക് അനുകൂലമാണ്. ഇങ്ങനെ സ്റ്റോക്ക് വിശദമായി പരിശോധിച്ച് എണ്ണിതിട്ടപ്പെടുത്തിയപ്പോൾ അന്നത്തെ നിലയിൽ 9.50 ലക്ഷം രൂപയുടെ സ്റ്റോക്ക് കുറവാണ്. ഇത്രയും വ്യത്യാസം കണ്ടപ്പോൾ വളരെ അത്ഭുതപ്പെട്ടു പോയി.

40 വർഷം മുമ്പുള്ള കാര്യമാണ്. ഈ സാഹചര്യത്തിൽ അവരുടെ ആൾക്കാരായ ഏതെങ്കിലും ഒരു തൊഴിലാളി ഒരു ലോഡ് കയർ വലിച്ച് ദേഹത്തിട്ടാൽ അപായപ്പെട്ടുപോകുന്നതാണ്. അതെല്ലാം ചെയ്യിക്കുവാൻ സ്വാധീനമുള്ളയാളാണ് അവിടെയുള്ള ഏജന്റ് എന്ന കാര്യം ഓർക്കണം. എങ്കിലും ആ വ്യത്യാസം വന്ന തുകയായ 9.50 ലക്ഷം രൂപയുടെ ചെക്ക് ആ ഏജന്റിന്റെ കയ്യിൽ ഒപ്പിട്ടു വാങ്ങിയതിനുശേഷമാണ് അന്ന് അവിടെ നിന്നും പുറപ്പെട്ടത്. അതിനുശേഷം അവിടുത്തെ മാനേജരെ ഭീഷണിപ്പെടുത്തി ആ ഏജന്റ് ആ ചെക്ക് തിര്യകെ വാങ്ങി. ഇതാണ് അന്നത്തെ അവസ്ഥ. എന്നാൽ ഇന്ന് അത്തരം പ്രശ്നങ്ങൾ ഇല്ല. കാരണം ഇന്ന് ഏജന്റുമാർ ഇല്ല. ഷോറൂമുകളുടെ പരിപൂർണ്ണമായ അധികാരികൾ മാനേജർമാർ തന്നെയാണ്

ഇങ്ങനെ വിൽപ്പന നടത്തുമ്പോൾ കയറും കയറുത്പന്നങ്ങളും ദ്രവിച്ചുപോകാറുണ്ട്. ഇത് സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തി നിയമാനുസരണം കുറവ് ചെയ്യാറുണ്ട്. എന്നാൽ ഇങ്ങനെ കുറവ് ചെയ്യുന്നത് വീണ്ടും സ്റ്റോക്കിൽ ഉൾപ്പെടുത്തി തിരിമറി നടത്തുവാനുള്ള സാധ്യതയുണ്ട്. അതിനാൽ അത് നീക്കം ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനാൽ അന്ന് ഞാൻ ഒരു കാര്യം ചെയ്തു. ഇങ്ങനെ ഡാമേജായി കണ്ടെത്തിയത് മുഴുവൻ നശിപ്പിക്കാൻ തീരുമാനിച്ചു. അല്ലെങ്കിൽ ഈ ഡാമേജ് എന്നും സ്റ്റോക്കിൽ കാണുകയും അതിനുപകരം നല്ല ഉത്പന്നങ്ങൾ വിറ്റഴിച്ച് തിരിമറി നടത്തുകയും ചെയ്യുന്നതാണ്. എന്നാൽ അന്യദേശത്ത് ഇത് നശിപ്പിക്കുവാൻ അത്ര എളുപ്പമല്ല. അതിനായി ഈ ഉത്പന്നങ്ങൾ മുഴുവൻ ഒരു ലോറിയിൽ കയറ്റി ആൾ താമസമില്ലാത്ത, ഗോതമ്പ് വയലുകളുള്ള ഒരു പ്രദേശത്ത് കൊണ്ടുപോയി വാരിയിട്ട് കത്തിച്ചു. രാത്രിയാണ് ഇത് കത്തിച്ചത്. സമീപത്ത് ഗോതമ്പ് വയലാണ്.

തീ കണ്ട് കൃഷിക്കാർ ഓടികൂടി. അവിടെ നിന്നും ഞങ്ങൾ അത്ഭുതകരമായി രക്ഷപ്പെട്ടു. ഇതിവിടെ കുറിക്കുന്നത് പുതുതായി അന്യസംസ്ഥാനത്ത് നിയോഗിക്കപ്പെടുന്ന ജീവനക്കാർ ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര ബോധ്യം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ് എന്ന് സൂചിപ്പിക്കാനാണ്.




*കയർഫെഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയിൽ കയർ വികസന വകുപ്പ് സ്പെഷ്യൽ ഓഫീസർ എൻ.പത്മകുമാർ, ഐ.എ.എസ് (റിട്ട.) മുഖ്യപ്രഭാഷണം നടത്തുന്നു.*

## എൻ. പത്മകുമാർ ഐ.എ.എസ്. (റിട്ട.)
**സ്പെഷ്യൽ ഓഫീസർ, കയർ**

**വ**ളരെയധികം തിരക്കുണ്ടായിരുന്ന കഴിഞ്ഞ സർവീസ് കാലയളവിൽ കയർഫെഡ് മാനേജിംഗ് ഡയറക്ടറുടെ ചാർജും വഹിച്ച അനുഭവം എൻ. പത്മകുമാർ അനുസ്മരിച്ചു. അക്കാലത്ത് കൂടുതൽ സമയവും കയർഫെഡിനുവേണ്ടി പ്രവർത്തിക്കുന്നു എന്ന അഭിപ്രായം ഉയർന്ന വന്ന കാര്യവും അദ്ദേഹം എടുത്തുപറഞ്ഞു. കയർഫെഡിന്റെ നിയമന ചട്ടം അംഗീകരിപ്പിച്ചെടുക്കുന്നതിന് കയർഫെഡിന്റെ പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അക്കാലത്ത് നിരന്തരം സെക്രട്ടറിയേറ്റിൽ എത്തി അതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് നിയമന ചട്ടം അംഗീകരിച്ച് ഉത്തരവുകൾ സമ്പാദിക്കുവാൻ സാധിച്ചത് എന്നത് പ്രത്യേകം എടുത്തുപറയേണ്ട വസ്തുതയാണ്. പി.എസ്.സി ചെയർമാനയും നിരവധി തവണ കണ്ടു സംസാരിച്ചിട്ടുണ്ട്. ഇത് വളരെയധികം അഭിനന്ദനീയവും അനുകരണീയവുമായ കാര്യമാണ്. അദ്ദേഹത്തിന്റെ കഠിന പ്രയത്നം കൊണ്ടാണ് വർഷങ്ങൾക്ക് ശേഷം കയർഫെഡിൽ പി.എസ്.സി നിയമനം സാധ്യമായതും. ഇന്ന് പി.എസ്.സി വഴി നിയമനം ലഭിച്ച ആദ്യബാച്ചിന്റെ പരിശീലനം നടത്തുവാൻ കഴിഞ്ഞതും.

എല്ലാവരുടെയും ആദ്യ ജോലിയും ആദ്യ സ്ഥാപനവും എക്കാലവും ഓർമ്മയിൽ നിൽക്കുന്ന ഒരു കാര്യമാണ്. പരിശീലനം നേടി ജോലിയിൽ പ്രവേശിക്കുന്ന നിങ്ങൾ ഒരോത്തർക്കും വളരെ ദീർഘമായ സർവീസാണ് ഇനിയുള്ളത്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ജോലിയിൽ എക്കാലവും ആത്മാർത്ഥ പുലർത്തണം. അങ്ങനെ ആത്മാർത്ഥത പുലർത്തുവാൻ കഴിഞ്ഞില്ലെങ്കിൽ ഒരാൾക്കും ജോലിയിൽ പൂർണമായും ശോഭിക്കുവാനോ നല്ല നിലയിൽ എത്തുവാനോ സാധിക്കുകയില്ല. ഇത് എന്റെ അനുഭവമാണ്. നമുക്ക് ലഭിച്ച ജോലിയിൽ പൂർണ തൃപ്തിയോടെ പ്രവർത്തിക്കണം. ഭാവിയിൽ ഇതിനെക്കാൾ നല്ല ജോലി ലഭിക്കുകയാണെങ്കിൽ അതിന് പോകാവുന്നതാണ്. ജോലിയിൽ അലസതയും മടിയും കാണിച്ചാൽ അത് സർവീസ് കാലയളവിൽ മുഴുവൻ നമ്മളെ പിൻതുടരും. അന്യസംസ്ഥാനത്ത് പോയാൽ അവിടുത്തെ ഭാഷയും സംസ്ക്കാരവുമെല്ലാം പഠിക്കണം. കയർ മേഖലയിലെ തൊഴിലാളികളുടെ ജീവിതവുമെല്ലാം നമ്മൾ കണ്ടു മനസിലാക്കണം. ചിറയിൻകീഴ് മേഖലയിലെ സംഘങ്ങൾ കണ്ട് മനസിലാക്കണം. എങ്കിൽ മാത്രമേ ഈ മേഖലയെക്കുറിച്ച് കൂടുതൽ അറിയാനും അവർക്കുവേണ്ടി പ്രവർത്തിക്കുവാനും സാധിക്കുകയുള്ളൂ.

കയർ തൊഴിലാളികളുടെ ജീവിതം നേരിട്ട് കണ്ട് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കയർ സെക്രട്ടറിയും, കയർ വികസന ഡയറക്ടറുമായിരുന്നപ്പോൾ പ്രവർത്തിച്ചത്. മഹാരാഷ്ട്രയിലും മറ്റു സംസ്ഥാനങ്ങളിലും കയർഫെഡിന് ഒന്നിൽ കൂടുതൽ ഷോറൂമുകൾ ഉണ്ട്. മഹാരാഷ്ട്രയിൽ ഇപ്പോഴും കയറിന് നല്ല മാർക്കറ്റ് ഉണ്ടെന്നാണ് മനസിലാക്കുന്നത്. ഓറഞ്ച് കെട്ടുവാൻ ഇപ്പോഴും കയർ ഉപയോഗിക്കുന്നുണ്ട്. കയറിനും കയർ പിത്തിനും നല്ല സാധ്യതയുണ്ട്. ഇതിനായി ആവശ്യമായ മാർക്കറ്റിംഗ് പ്ലാൻ തയാറാക്കി പ്രവർത്തിക്കണം. പ്രാദേശികമായി, അവിടുള്ള ഭാഷാ പത്രങ്ങളിൽ പരസ്യം നൽകണം. ഓരോ സംസ്ഥാനത്തിനും പ്രത്യേകമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. അതിനാവശ്യമായ പണം സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്. യുവതലമുറയിൽപ്പെട്ട ജീവനക്കാരെ ഉപയോഗിച്ച് ഈ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാവുന്നതാണ്. കയർ പിത്തിന് വളരെ വലിയ സാധ്യതകളാണ് ഉള്ളത്. ഇത് പരമാവധി പ്രയോജനപ്പെടുത്തിയാൽ വലിയ വിറ്റുവരവ് നേടുവാൻ കയർഫെഡിന് കഴിയുന്നതാണ്. കയർ പിത്തിന് പകരം വെയ്ക്കാവുന്ന മറ്റൊരു വസ്തു ഇല്ല. പിത്തിന്റെ വിപണനത്തിനുള്ള അനന്തസാധ്യതകൾ ഉപയോഗിക്കണം. കേരളത്തിൽ 150 ഓളം ചകിരിമില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ മില്ലുകളിൽ നിന്നും കയർ പിത്ത് ശേഖരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം ചെയ്യാവുന്നതാണ്. കയർഫെഡിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം വഴി വലിയ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും തുടർന്നും കൂടുതൽ കൂടുതൽ ഉയരങ്ങളിലെത്താൻ എല്ലാവും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.





# പുന്നപ്ര- വയലാർ: സ്മരണകളിരമ്പുന്ന രണസ്മാരകങ്ങൾ

പി.വി. വേണുഗോപാൽ

**ഐ**തിഹാസികമായ പുന്നപ്ര-വയലാർ വിപ്ലവത്തിന്റെ സ്മരണദിനങ്ങൾ ഒരിക്കൽ കൂടി കടന്നുവരുകയാണ്. ദിവാൻ ഭരണത്തിനും അമേരിക്കൻ മോഡലിനുമെതിരെ പ്രായപൂർത്തി വോട്ടവകാശമാവശ്യപ്പെട്ടും നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ തൊഴിലാളികൾ നടത്തിയ പോരാട്ടം ഇന്ത്യൻ ചരിത്രത്തിലെതന്നെ നിർണായക ഏടാണ്.

കേരളത്തിലെ ആദ്യതൊഴിലാളി പ്രസ്ഥാനമായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ രൂപീകരിക്കപ്പെട്ടത് 1922 മാർച്ച് 31നാണ്. വാടപ്പുറം ബാവ എന്നറിയപ്പെട്ടിരുന്ന പി.കെ. ബാവയുടെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം രൂപികരിക്കപ്പെട്ടത്. 1932ൽ പി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ കോഴിക്കോട്ട് ലേബർ യൂണിയൻ നിലവിൽവന്നു. 1931-33 കാലയളവിൽ കൊച്ചിൻ ലേബർ യൂണിയനും രൂപീകൃതമായി. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണം, കേരള ചരിത്രത്തിലെ നിർണായകമായൊരു വഴിത്തിരിവാണ്. കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ രൂപീകരണത്തെത്തുടർന്ന് കോൺഗ്രസിലെ ഇടതുപക്ഷക്കാരുടെ നേതൃത്വത്തിൽ മിക്കസ്ഥലങ്ങളിലും ട്രേഡ് യൂണിയനുകൾ സജീവമായി. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ തൊഴിലാളി പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് 1935 മേയ് മാസത്തിൽ കോഴിക്കോട്ട് ഒരു സമ്മേളനം നടന്നു. അഖില കേരളാടിസ്ഥാനത്തിലുള്ള ട്രേഡ് യൂണിയന്റെ പ്രാരംഭം ഈ സമ്മേളനമാണ്. ഈ സമ്മേളനത്തിനു ശേഷമാണ് ആലപ്പുഴ ലേബർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ, തൊഴിലാളികളുടെ ജീവിത ദുരിതങ്ങൾക്കു പരിഹാരം കാണണമെന്നാവശ്യപ്പെടുന്ന ഒരു നിവേദനം തിരുവിതാംകൂർ രാജാവിന് നൽകാൻ തീരുമാനിച്ചത്. നിവേദനം നൽകുന്നതിനു വേണ്ടി ഒരു ജാഥ തിരുവനന്തപുരത്തേക്ക് പോകാനും തീരുമാനിച്ചു. ജാഥയെ നിരോധിച്ചുവെങ്കിലും, തൊഴിലാളികൾക്കിടയിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന പ്രതിഷേധത്തെ അവഗണിക്കാൻ തിരുവിതാംകൂർ രാജവാഴ്ചക്ക് കഴിയുമായിരുന്നില്ല.

അനുദിനം ശക്തിപ്പെട്ടുകൊണ്ടിരുന്ന തൊഴിലാളി പ്രസ്ഥാനം വ്യവസായികളിലും ജന്മിമാരിലും വലിയ ഭയം സൃഷ്ടിച്ചിരുന്നു. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് അവർ തൊഴിലാളി പ്രസ്ഥാനത്തെ അടിച്ചമർത്താൻ നോക്കി. തൊഴിലാളികളെ ദേഹോപദ്രവം ഏൽപ്പിക്കുക, വീടുകളിൽ കയറി സ്ത്രീകളേയും കുട്ടികളേയും പോലും ഉപദ്രവിക്കുക. യൂണിയനിൽ ചേർന്നു എന്ന കാരണം പറഞ്ഞ് അവർ താമസിക്കുന്ന ഭൂമിയിൽ നിന്നും ഒഴിപ്പിക്കുക,യൂണിയനാഫീസുകൾ തകർക്കുക തുടങ്ങിയവ സാർവത്രികമായി.

തൊഴിൽ മേഖലകളിൽ പുകഞ്ഞുകൊണ്ടിരുന്ന അസ്വസ്ഥതകളുടെ ഭാഗമായി തൊഴിലാളികൾ സാമ്പത്തികാവശ്യങ്ങൾക്കൊപ്പം ഉത്തരവാദഭരണം ഏർപ്പെടുത്തുക, പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തുക, ദിവാൻ ഭരണം അവസാനിപ്പിക്കുക തുടങ്ങിയ രാഷ്ട്രീയ ആവശ്യങ്ങളും ഉൾപ്പെടെയുള്ള 27 ഇനം ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിന് നിവേദനം സമർപ്പിക്കുകയും ആലപ്പുഴയിൽ 1122 ചിങ്ങം 30 (1946 സെപ്റ്റംബർ 15) ന് പൊതുപണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്തു.

27 മുദ്രാവാക്യങ്ങളിൽ ഒമ്പതെണ്ണം പൂർണമായും രാഷ്ട്രീയ സ്വഭാവമുള്ളവയായിരുന്നു. 'ദിവാൻ ഭരണം അവസാനിപ്പിക്കണം', ' ഇന്ത്യൻ ഭരണഘടന രൂപീകരണ സമിതിയിലേക്ക് ജനപ്രതിധികളെ അയക്കുക', 'തിരുവിതാംകൂറിന്റെ ഭാവിഭരണഘടനയ്ക്ക് രൂപം നിശ്ചയിക്കുന്നതിനു പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധി സഭ രൂപീകരിക്കുക','എല്ലാ പാർട്ടികളെയും ക്ഷണിച്ചുകൊണ്ടും പ്രായപൂർത്തി വോട്ടവകാശത്തിന്റെ പേരിൽ പ്രതിനിധികളെ തെരഞ്ഞെടുത്ത് ഇടക്കാല സർക്കാർ സ്ഥാപിക്കുക', 'പൗരാവകാശം നിഷേധിക്കുന്ന എല്ലാ നിയമങ്ങളും പിൻവലിക്കുക', 'പത്രങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മേൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കുക', 'എല്ലാ രാഷ്ട്രീയതടവുകാരെയും നിരുപാധികമായി വിട്ടയക്കുക' എന്നിവയായിരുന്നു അതിലെ രാഷ്ട്രീയ ആവശ്യങ്ങൾ.

**ഐതിഹാസികമായ പുന്നപ്ര-വയലാർ സമരത്തിന്റെ 75-ാം വാർഷികമാണ് ഇക്കൊല്ലം**

ഇതിന്റെ ഭാഗമായി ആലപ്പുഴ പട്ടണത്തിൽ തൊഴിലാളികളുടെ ഒരു ഗംഭീരപ്രകടനം നടന്നു. ആ പ്രദേശത്തെ ഗതാഗതം പൂർണമായും സ്തംഭിച്ചു. വ്യവസായശാലകളെല്ലാം അടച്ചിട്ടു. രാജാവിന്റെ ജന്മദിന ദിവസമായ 1946 ഒക്ടോബർ 25 ന് പണിമുടക്കിയ തൊഴിലാളികൾ ആലപ്പുഴയിൽ നിന്നും പുന്നപ്രയിലേക്ക് ജാഥയായി പോയി. കളർകോട്ടിൽ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ സൈന്യം വെടിവെച്ചു. ഒരാൾ മരണമടഞ്ഞു. പ്രകോപിരായ ജനക്കൂട്ടം പുന്നപ്രക്കു സമീപം പോലീസ് ഔട്ട്പോസ്റ്റ് ആക്രമിച്ചതോടെയാണ് പുന്നപ്ര-വയലാർ സമരത്തിന് തുടക്കമായത്.

ജന്മി ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ കൊടുംക്രൂരതകൾ തൊഴിലാളി ജീവിതം ദുസഹമാക്കി. 1946 ഒക്ടോബർ ആദ്യം മുതൽക്ക് തൊഴിലാളികൾ ക്യാമ്പുകളിലേക്ക് നീങ്ങി. ആദ്യഘട്ടത്തിൽ ക്യാമ്പുകൾ കമ്യൂണിസ്റ്റുപാർട്ടി ബോധപൂർവം സംഘടിപ്പിച്ചതായിരുന്നില്ല. ജന്മിത്വവും-ഭരണകൂടവും ഒത്തുചേർന്ന് അഴിച്ചുവിട്ട മർദനങ്ങൾ പ്രതിരോധിക്കാൻ ഒരുമിച്ചു നിൽക്കുക എന്ന പ്രാഥമിക ബോധത്തിൽ നിന്നാണ് ജനങ്ങൾ ക്യാമ്പുകളിലേക്ക് നീങ്ങിയത്. ഇതിനെ തുടർന്നാണ്

തുലാം ഏഴിന് നൂറുകണക്കിന് തൊഴിലാളികൾ പുന്നപ്രയിൽ പട്ടാളത്തോട് നേരിട്ട് ഏറ്റുമുട്ടിയത്. മാരാരിക്കുളത്ത് സംഘടിപ്പിച്ച ക്യാമ്പിലും നൂറുകണക്കിന് തൊഴിലാളികൾ പട്ടാളത്തെ നേരിടാനായി പരിശീലനം നേടി. തുടർന്ന് പുന്നപ്രയിൽ നിന്നും വയലാറിലേക്ക് മാർച്ച് ചെയ്യാനിരുന്ന പട്ടാളക്കാരുടെ മാർഗ്ഗം തടസ്സപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ദേശീയ പാതയിലുള്ള മാരാരിക്കുളം പാലം തകർക്കുവാൻ സമരക്കാർ തീരുമാനിച്ചു. പുന്നപ്രക്കും വയലാറിനുമൊപ്പം കൂടുതൽ ആളുകൾ മരിച്ചുവീണ മറ്റൊരു കേന്ദ്രമായിരുന്നു മാരാരിക്കുളം. പാലം തകർക്കാനായെത്തിയവർക്കുനേരെ സർ.സി.പി.യുടെ പട്ടാളം ഒക്ടോബർ 26 (കൊല്ലവർഷം 1122 തുലാം 7ന് മാരാരിക്കുളത്ത് നടത്തിയ വെടിവെയ്പിൽ നിരവധിപേർ തൽക്ഷണം മരിച്ചു. ഇവരെ പട്ടാളക്കാർ പാലത്തിനു സമീപം തന്നെ കുഴിച്ചുമൂടി.

മാരാരിക്കുളം വെടിവെയ്പിനെ തുടർന്ന് തൊഴിലാളികൾ ചേർത്തലയ്ക്ക് അടുത്തുള്ള വയലാർ ഗ്രാമത്തിലേക്ക് പിൻവാങ്ങി. ഒരു തുരുത്തായ ഈ ഗ്രാമം ഒളിവിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു അനുയോജ്യമായിരുന്നു. 1946 ഒക്ടോബർ 27 (കൊല്ലവർഷം 1122 തുലാം 10)നു മാരാരിക്കുളത്തെ ഏറ്റുമുട്ടലിനെ തുടർന്ന് റോഡുമാർഗ്ഗമുള്ള യാത്ര സുഗമമല്ലെന്ന് മനസ്സിലാക്കിയ പട്ടാളം, ബോട്ടുകളിൽ വയലാർ ക്യാമ്പ് ആക്രമിക്കുകയും തൊഴിലാളികളോട് കീഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്തു. കീഴടങ്ങാൻ കൂട്ടാകാതെ പട്ടാളത്തെ നേരിടാൻ തയ്യാറായ തൊഴിലാളികൾക്കു നേരെ പട്ടാളം വെടിയുതിർത്തു. മുളകൊണ്ടും അടയ്ക്കാമരം കൊണ്ടും ഉണ്ടാക്കിയ കൂർപ്പിച്ച കുന്തങ്ങൾ, കല്ലുകൾ തുടങ്ങിയവ ആയിരുന്നു തൊഴിലാളികളുടെ ആയുധങ്ങൾ. ഇതിനിടേയും നൂറുകണക്കിന് തൊഴിലാളികൾ രക്തസാക്ഷിത്വം വരിച്ചു.

പുന്നപ്ര-വയലാർ സമരത്തിൽ എത്രപേർ വെടിവയ്പിൽ കൊല്ലപ്പെട്ടു എന്നതിന് വ്യക്തമായ കണക്കില്ല. സമരകാലത്തെ തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർടി ചെയർമാനായിരുന്ന കെ.സി. ജോർജ് എഴുതിയ പുന്നപ്ര-വയലാർ എന്ന പുസ്തകം പറയുന്നത്.





വെടിയേറ്റ് മരിച്ചവർ ഏതാണ്ട് അഞ്ഞൂറുണ്ടെന്നാണ് കണക്കാക്കാൻ കഴിഞ്ഞതെന്നാണ്, 'അറുനൂറിൽ പരം സഖാക്കൾ വയലാർ, ഒളതല, മേനാശേരി എന്നീ ക്യാമ്പുകളിൽ രകതസാക്ഷികളായി.' എന്നാണ് പി.കെ. ചന്ദ്രാനന്ദൻ പുന്നപ്ര-വയലാർ സമരം എന്ന പുസ്തകത്തിൽ എഴുതുന്നത്. പുന്നപ്രയിലെ കാര്യം സഖാവ് പി.കെ.സി. കൃത്യമായി എഴുതിയിട്ടില്ല. സ്റ്റേറ്റ് കോൺഗ്രസ് നേതാവായിരുന്ന ആനി മസ്ക്രീൻ പറഞ്ഞത് അയ്യായിരം പാവങ്ങളെ സി.പി. ചുട്ടുകൊന്നു എന്നാണ്.എന്നാൽ 193 പേരേ കൊല്ലപ്പെട്ടുള്ളൂ എന്നായിരുന്നു സി.പിയുടെ വാദം.

എല്ലാ സ്വാതന്ത്ര്യ സമരമുന്നേറ്റങ്ങളെയും സ്വേച്ഛാധിപതിയായ ദിവാൻ തല്ലിതകർക്കുകയായിരുന്നു. തല്ലിയൊതുക്കാൻ ശ്രമിക്കുമ്പോഴും ശക്തമായ ജനകീയമുന്നേറ്റങ്ങൾ ഉയർന്നു വന്നു. ഈ ബഹുജനമുന്നേറ്റത്തിലെ ചോര കിനിയുന്ന അദ്ധ്യായമാണ് പുന്നപ്ര-വയലാർ സമരം. ഇന്ത്യ സ്വാതന്ത്ര്യത്തോട് നടന്നടുക്കുന്ന അവസാനനാളുകളിലാണ് 'സ്വതന്ത്രതിരുവിതാംകൂർ' എന്ന വാദവുമായി ദിവാൻ രംഗത്തുവന്നത്. ഈ വാദത്തിനെതിരായി ആലപ്പുഴയിലെ തൊഴിലാളികൾ 1946 ഒക്റ്റോബർ 24 മുതൽ ഒക്റ്റോബർ 27 വരെ നടത്തിയ പണിമുടക്കിന്റെയും ചെറുത്തുനിൽപ്പിന്റെയും വീരേതിഹാസമാണ് പുന്നപ്ര-വയലാർ സമരം. സായുധ പോലീസും പട്ടാളവും ജന്മി ഗുണ്ടകളും ചേർന്ന മർദ്ദകപ്പടക്കെതിരായി കയ്യിൽകിട്ടിയ ആയുധങ്ങളുമായി തൊഴിലാളികൾ പോരാട്ടം നടത്തിയ ദിനങ്ങളായിരുന്നു അത്.

കൊല്ലവർഷം 1122 തുലാം മാസം ഏഴുമുതൽ 10 വരെയുള്ള ദിവസങ്ങളിലായിരുന്നു കേരളത്തെ ചുവപ്പിച്ച ഐതിഹാസികമായ പുന്നപ്ര-വയലാർ സമരം. കയർത്തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, എണ്ണയാട്ടുതൊഴിലാളികൾ, ചെത്തുതൊഴിലാളികൾ തുടങ്ങിയവരൊക്കെ ഇതിഹാസോജ്ജ്വലമായ ആ സമരത്തിൽ അണിനിരന്നു.

നൂറ്റാണ്ടുകളായി അടിമസമാനമായി ജീവിക്കേണ്ടിവരികയും ജന്മിമാരുടെ മുന്നിൽ തലകുനിച്ചു നിൽക്കേണ്ടിവരികയും ചെയ്തിരുന്ന തൊഴിലാളികൾ വർഗബോധത്താൽ പ്രചോദിതരായി നടത്തിയ സമരം ജന്മിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സർ സി.പി.യുടെ ഭീകരവാഴ്ചയുടെയും തായവേര് അറുത്തു. ''അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യം ഉയർത്തി തൊഴിലാളികൾ നടത്തിയ സമരം സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടി നിലകൊണ്ട സർ സി.പി. രാമസ്വാമി അയ്യരുടെ ഭീകരഭരണം കടപുഴക്കി എറിഞ്ഞു.

പുന്നപ്ര-വയലാർ നടക്കുന്നതിനും ഒമ്പതു മാസങ്ങൾക്ക് മുമ്പ് പ്രഖ്യാപിക്കപ്പെട്ടതാണ് അമേരിക്കൻ മോഡൽ എന്ന ഭരണഘടനാ പരിഷ്കാരം. നിയമസഭയ്ക്ക് ഒരു അധികാരവുമില്ലാത്ത ഭേദഗതിയിൽ മഹാരാജാവിന്റെ കീഴിൽ ദിവാൻ ഭരിക്കും. ഭരണഘടനാ പരിഷ്കാരങ്ങളിൽ ദിവാന്റെ സ്ഥാനം അമേരിക്കൻ പ്രസിഡന്റിനു തുല്യമായിരുന്നു. അങ്ങനെയാണ് അമേരിക്കൻ മോഡൽ എന്നു പേരു വന്നത്.

പുന്നപ്ര-വയലാർ സമരത്തിന്റെ തുടർച്ചയായാണ് സി.പി. രാമസ്വാമി അയ്യർ തിരുവനന്തപുരത്തുവച്ച് ആക്രമിക്കപ്പെടുന്നതും തന്റെ അമേരിക്കൻ മോഡൽ ഭരണം എന്ന ആശയം ഉപേക്ഷിച്ച് തിരുവിതാംകൂർ വിടുന്നതുംതിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ചേരാൻ കാരണമായത് ഈ സമരമാണ്.

1947 ജൂലൈ 25നാണ് തിരുവനന്തപുരം സ്വാതി തിരുന്നാൾ സംഗീത കോളേജിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു മടങ്ങാൻ ശ്രമിച്ച ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ മൂക്കിന് വെട്ടേറ്റു. വധശ്രമത്തിൽ നിന്നും രക്ഷപ്പെട്ട ദിവാൻ വെട്ടുകൊണ്ടതിന്റെ ഇരുപത്തിയാറാം ദിവസം അതായത് ഓഗസ്റ്റ് 19ന് ഇന്ത്യ സ്വതന്ത്രയായി നാല് ദിവസം കൂടി കഴിഞ്ഞു സ്വതന്ത്രതിരുവിതാംകൂർ എന്ന സ്വപ്നവും സ്വേച്ഛാധിപത്യപ്രവണതകളുമായി ആരുമറിയാതെ സ്ഥലം വിട്ടു.

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**കാറ്റഗറി നമ്പർ : 464/2021**
**വിഭാഗം I (ജനറൽ കാറ്റഗറി)**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

1. സ്ഥാപനം : കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
2. ഉദ്യോഗപ്പേര് : പ്ലാന്റ് എഞ്ചിനീയർ ( ഇലെക്ട്രിക്കൽ )
3. ശമ്പളം : ₹ 22800-48000 /-
4. ഒഴിവുകളുടെ എണ്ണം : 01 (ഒന്ന്)

1

## KERALA PUBLIC SERVICE COMMISSION

**Ranked List for the post of SYSTEM ANALYST- PART1(General Category) on Rs.5000-10910(PR) in KERALA STATE CO-OPERATIVE COIR MARKETING FEDERATION LTD**

Ranked List No. : **352/2021/SSVII** Cat. No. : **064/2019**

### NOTIFICATION

The following is the list of candidates for selection to the post of **SYSTEM ANALYST- PART1(General Category)** on **Rs.5000-10910(PR)** in **KERALA STATE CO-OPERATIVE COIR MARKETING FEDERATION LTD**, interviewed and found suitable by the Commission and arranged in the order of merit. This Ranked List is brought into force with effect from 07.10.2021

**Main List**

| Rank | Sl. No. | Name | Test | Int | Wtg | Total | DOB | Commy | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 4 | RAMLATH P U | 50.330 | 12.0 | | **62.330** | 04/07/1984 | M-MUSLIM | |
| 2 | 9 | BIVIN B NAIR | 43.000 | 13.0 | | **56.000** | 18/03/1988 | | |
| 3 | 7 | ARUN PRASAD K P | 43.000 | 11.0 | | **54.000** | 25/05/1987 | EZHAVA | |
| 4 | 3 | SAJITHA M | 40.670 | 12.0 | | **52.670** | 12/05/1990 | THIYYA | |
| 5 | 2 | SHEBINA K | 33.670 | 12.0 | | **45.670** | 20/11/1980 | D-MUKKUVAN | |
| 6 | 6 | RENJU MOLE S | 33.000 | 10.0 | | **43.000** | 01/03/1986 | EZHAVA | |
| 7 | 8 | MONY P G | 27.670 | 13.0 | | **40.670** | 06/01/1988 | SC-PULAYAN | |
| 8 | 5 | SUMI P S | 27.330 | 11.0 | | **38.330** | 27/05/1990 | SC-PULAYA | |

# കയർ ഭൂവസ്ത്ര വിപണനം അവലോകന സെമിനാറുകൾ

**ആ**ലപ്പുഴയിൽ നടന്ന കയർ വെർച്ചൽ കയർ കേരളയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലായി നടത്തിയ കയർഭൂവസ്ത്ര സെമിനാറുകളിൽ ആകെ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി കയർ വികസന വകുപ്പ് ധാരണാ പത്രം ഒപ്പിട്ടിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിൽ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം നിശ്ചലമാവുകയും തൽഫലമായി കയർ ഭൂവസ്ത്ര വിനിയോഗവും സ്തംഭിക്കുന്ന അവസ്ഥ സംജാതമായി.

ഈ സാഹചര്യത്തിൽ കയർ സംഭരണവും വിപണനവും വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയുണ്ടായി. രണ്ടാം പിണറായി സർക്കാരിൽ വ്യവസായ നിയമ കയർ വകുപ്പു മന്ത്രിയായ പി. രാജീവ് ഈ വിഷയത്തിൽ വളരെ ഗൗരവപൂർവം ഇടപെടുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കയർ ഭൂവസ്ത്ര വിനിയോഗം ഊർജിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മന്ത്രിയുടെ നിർദ്ദേശാനുസരണം കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര സെമിനാറുകൾ സംഘടിപ്പിച്ചു വരികയാണ്.

സെമിനാറുകളിൽ പഞ്ചായത്ത് ഭരണസമിതി ഭാരവാഹികളും ഉദ്യോഗസ്ഥരും പങ്കെടുക്കുകയും കയർഭൂവസ്ത്ര വിനിയോഗം വ്യാപിപ്പിക്കുന്നതിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇപ്രകാരം വിവിധ ജില്ലകളിൽ നടന്ന കയർ ഭൂവസ്ത്ര സെമിനാറുകളുടെ റിപ്പോർട്ടിന്റെ ആദ്യഭാഗമാണ് ഇവിടെ ചേർക്കുന്നത്.

## തൃശൂർ ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ



*തൃശൂർ ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.*

**തൃ**ശൂർ ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് യോഗത്തിൽ മുഖ്യ അതിഥി ആയിരുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ്. ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്റർ ബാലഗോപാൽ ഭൂവസ്ത്ര വിതാനം സംബന്ധിച്ച് സംസാരിച്ചു.

കയർ കോർപ്പറേഷൻ സെയിൽസ് മാനേജർ അരുൺ ചന്ദ്രൻ ക്ലാസിൽ സാങ്കേതിക വശങ്ങൾ വിശദീകരിച്ചു. കയർ പ്രോജക്ട് ഓഫീസർ സി.ആർ. സോജൻ സ്വാഗതവും എ.ആർ. ബൈജു നന്ദിയും പറഞ്ഞു

## കയർ ഭൂവസ്ത്ര സെമിനാർ കോഴിക്കോട്

**ക**യർ ഭൂവസ്ത്ര സെമിനാർ കോഴിക്കോട് കയർ പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ എം.ജി. എൻ.ആർ.ഇ.ജി.എസ്. ജില്ലാ മിഷനുമായി ചേർന്ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് കയർ ഭൂവസ്ത്ര സെമിനാർ നടത്തി. ജില്ലയിലെ 69 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. ബാബു (ജില്ലാ ബ്ലോക്ക് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ്) അധ്യക്ഷനായി കക്കോടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ഷീബ, മുഹമ്മദ് ഷാ ജെ.പി.സി കോഴിക്കോട്, തോമസ് ജോൺ ഡി.ആർ. ഡി.സി.ഡി. എന്നിവർ സംസാരിച്ചു. ജില്ലയിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാരും വേദിയിൽ സന്നിഹിതരായി. കയർ പ്രോജക്ട് ഓഫിസർ പി.ആർ. സിന്ധു സ്വാഗതവും അസി. രജിസ്ട്രാർ ശശികുമാർ നന്ദിയും പറഞ്ഞു.




*കയർ ഭൂവസ്ത്ര സെമിനാർ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്യുന്നു.*

തുടർന്ന് കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീ വർദ്ധൻ നമ്പൂതിരി കയർ ഭൂവസ്ത്ര പദ്ധതിയിൽ ഭൂവസ്ത്ര വിതാനത്തിന്റെ സാങ്കേതിക വശങ്ങൾ എന്നിവ വിശദീകരിച്ചു. അതിനുശേഷം ബ്ലോക്ക് പ്രസിഡന്റ്മാരുടെ അധ്യക്ഷതയിൽ 12 ഗ്രൂപ്പായി തിരിഞ്ഞ് 15 മിനിട്ട് പദ്ധതി അവലോകനം നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ നടന്നു. തുടർന്ന് സെമിനാറിൽ ഓരോ ഗ്രൂപ്പിന്റെയും ചുമതലക്കാർ ബ്ലോക്ക് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് ആവശ്യമായ ഭൂവസ്ത്രത്തിന്റെ അളവ് സെമിനാറിൽ റിപ്പോർട്ട് ചെയ്തു. ചർച്ചയിൽ നവംബർ ഡിസംബർ മാസങ്ങളിലേക്ക് 3.56 ലക്ഷം സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രത്തിന്റെ ഓർഡർ കയർഫെഡിന് ലഭ്യമാക്കുന്നതിന് തീരുമാനമായി.

കയർ വികസന വകുപ്പ് മന്ത്രിയുടെ മണ്ഡലത്തിലെ പഞ്ചായത്തായ കരുമാലൂർ ഗ്രാമ പഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന നാല് സെന്റ് കോളനി നവീകരണ പദ്ധതിയുടെ ഭാഗമായി കോളനിയിലൂടെ കടന്നു പോകുന്ന ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ തോട് ക്ലീൻ ചെയ്തു പുനരുദ്ധരിച്ച് കയർ ഭൂവസ്ത്രം വിരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു കഴിഞ്ഞു. ഇറിഗേഷൻ വകുപ്പ് ക്ലീൻ ചെയ്തു നൽകുന്ന മുറക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കുന്നതാണ്. തോട് ക്ലീൻ ചെയ്തു ആഴം കൂട്ടിയും നൽകുന്നതിന് ഇറിഗേഷൻ വകുപ്പിന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്.




*കോഴിക്കോട് ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ കയർ വികസന വകുപ്പ് ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ സംസാരിക്കുന്നു.*




*കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കുന്നമംഗലം ബ്ലോക്കിലെ പഞ്ചായത്തുതല കയർ ഭൂവസ്ത്ര വിനിയോഗ പുരോഗതി വിലയിരുത്തൽ ഉദ്ഘാടനം കുന്നമംഗലം എം.എൽ.എ. പി.ടി.എ. റഹിം നിർവഹിക്കുന്നു.*




*കോഴിക്കോട് കയർ ഭൂവസ്ത്ര ബ്ലോക്ക് തല അവലോകന യോഗത്തിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ സംസാരിക്കുന്നു.*

# കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ അവലോകനം നടത്തി



*കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ അബ്ദുൾ നാസർ ഐ.എ.എസ്., അവലോകനം നടത്തുന്നു.*

**തൊ**ഴിലുറപ്പ് ജില്ലാതല വകുപ്പ് അധ്യക്ഷരായ ഉദ്യോഗസ്ഥർക്കായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടത്തിയ സംയോജന സാധ്യതയുള്ള പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച സെമിനാർ. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി കേരള സംസ്ഥാന മിഷൻ ഡയറക്ടർ വിലയിരുത്തി. വിവിധ വകുപ്പുകളുമായി ചേർന്നു എങ്ങനെ സംയോജിത പദ്ധതികൾ നടപ്പിലാക്കാം എന്നത് സംബന്ധിച്ചു

അദ്ദേഹം യോഗത്തിൽ സംസാരിച്ചു

തൊഴിൽ ഉറപ്പ് പദ്ധതി കേരളം വിവിധതലങ്ങളിൽ പ്രയോജനപെടുത്തുന്നുണ്ട്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കയർ ഭൂവസ്ത്ര പദ്ധതി

1. ചകിരി ഉത്പാദനം 2. കയർ പിരി, 3. ഭൂവസ്ത്രനിർമ്മാണം, 4. തൊഴിൽ ഉറപ്പ് എന്നിങ്ങനെ 4 രംഗങ്ങളിൽ തൊഴിൽ നൽകാൻ സാധിക്കുന്ന പദ്ധതിയാണിത്.

കയർ രംഗത്ത് 1.5 ലക്ഷം കുടുംബങ്ങൾ ജീവനോപാധിയായി കാണുന്നു എന്നത് ചെറിയ കാര്യമല്ല. 90% സ്ത്രീകളാണ് ഈ രംഗത്ത് ഉള്ളത്. 2021 കയർ കേരള ഫെസ്റ്റിൽ 121 കോടി രൂപയുടെ ഭൂവസ്ത്ര പദ്ധതിക്കാണ് 875 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ധാരണാപത്രം ഒപ്പിട്ടത്. ഇത് നടപ്പാക്കാൻ 1.68 കോടി ച.മീ. കയർ ഭൂവസ്ത്രം വേണം ഏകദേശം 12500 ടൺ കയർ വേണ്ടി വരും. 2017 മുതൽ കയർ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയിൽ നല്ല പ്രതികരണമാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നൽകി വരുന്നത്. കയർ ഉത്പന്ന മേഖലയുടെ വിപണിയിൽ ഹാന്റ്ലും ഉത്പന്നങ്ങൾ കേരളത്തിന്റെ കരവിരുതിൽ പ്രസിദ്ധമാണ്. എന്നാൽ കോവിഡ് പശ്ചാത്തല വലിയ ബുദ്ധിമുട്ടാണ് ഈ മേഖല നേരിടുന്നത്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഈ പ്രതിസന്ധി മറികടക്കാനാവൂ.



തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ അബ്ദുൾ നാസർ ഐ.എ.എസ്. കോഴിക്കോട് നടത്തിയ ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയർ പ്രോജക്ട് ഓഫീസർ സിന്ധുവും പ്രോജക്ടിലെ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. കയർ ഭൂവസ്ത്ര പദ്ധതി നടത്തിപ്പിനെ കുറിച്ച് മിഷൻ ഡയറക്ടർ താല്പര്യത്തോടെ സൂചിപ്പിച്ചു. പദ്ധതി വിജയിപ്പിക്കാൻ കയർ വികസ വകുപ്പ് ആത്മാർത്ഥമായി സഹകരിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

# പൊന്നാനി ചകിരി മില്ല് ഉദ്ഘാടനം ചെയ്തു



**പൊന്നാനി** കയർ പ്രൊജക്റ്റിന് കീഴിൽ കയർ വികസന വകുപ്പിന്റെ രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി സ്വകാര്യ മേഖലയിൽ ഡി.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മുഹമ്മദ് മുസ്തഫ മലപ്പുറം ജില്ലയിലെ കണ്ണമംഗലം പഞ്ചായത്തിലെ ചേരൂർ എന്ന സ്ഥലത്ത് M/s. P.K. Fibres എന്ന പേരിൽ സ്ഥാപിച്ച യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം കയർ പ്രോജക്റ്റ് ആഫീസർ, ശശീന്ദ്രൻ ബി. നിർവ്വഹിച്ചു. ഏ.ആർ. വിശ്വംഭരൻ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

ഈ പ്രോജകറ്റിലെ 30 ാമത്തെ യൂണിറ്റാണ് ഇത്. പ്രസ്തുത സംരംഭത്തിനായി രണ്ട് എക്കർ സ്ഥലത്ത് ഏകദേശം 3500 ച.മീറ്റർ വിസ്തൃതിയിൽ കെട്ടിടം നിർമിച്ചിട്ടുണ്ട്. 120 എച്ച്.പി. പവർ ലോഡിൽ മണിക്കൂറിൽ 5000 മുതൽ 6000 വരെ തൊണ്ട് അടിക്കുവാനുള്ള കപ്പാസിറ്റിയിലാണ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. പൊള്ളാച്ചിയിലെ ഹരീഷ് എഞ്ചിനിയറിംഗിൽ നിന്നുമുള്ള മെഷിനറിയാണ് ഇവിടെ സ്ഥാപിച്ചത്. യൂണിറ്റിന്റെ മൊത്തം ചിലവ് ഒരു കോടി രൂപയാണ്.



# കത്തിയെരിക്കുന്ന കത്തി

സതീഷ് ആലപ്പുഴ



കരുതിയിട്ടുണ്ട്, ഞാനൊരു
കത്തി
കരുതാതിരിക്കാനാവില്ലെനി-
- ക്കെന്നറിവിൽ
കരുത്തു ചോരുമ്പോൾ
കത്തിപ്പിടിയിലാണെന്റെ
ചോര ചീറ്റിയെണീറ്റ്
കുത്തിപ്പായുക,
ഭീതിയുടെ ചിറകു കുടഞ്ഞ്-
കളയുവാൻ
കരുത്തിനുടയോനല്ല, ഞാ-
നെങ്കിലും
കത്തി കാത്തു വയ്ക്കുന്നു,
ഞാനിന്ന്,
കച്ചിത്തുരുമ്പാണെനിക്കിന്ന്
കത്തി
കത്തിമുനയിൽ നോക്കാറില്ല -
ഞാൻ
കത്തിമൂർച്ചയെന്നും കുത്തി
നോവിക്കുമെന്നെ,

കത്തി ഞാൻ സൂക്ഷിച്ചുവയ്ക്കും

മറു കത്തിയെൻ കരൾ തേടി
കട്ടപ്പാര പോൽ -
കൂർത്തു പാഞ്ഞു വരുമ്പോൾ,
കത്തിയുണ്ടല്ലോ എൻ മടിയി,ലാശ്വസിക്കാൻ,
കത്തി, യെരിഞ്ഞടങ്ങാൻ
ഒരു കത്തി,
മടിയിലുണ്ട, തിലല്ലേ
ആശ്വാസമെന്നുമെന്നും....

കഥ



# മരുഭൂമിയിൽ വിത്തുമുളയ്ക്കുന്ന കാലം

ജ്യോതിടാഗോർ

**പൊ**ടിക്കാറ്റ് വീശുന്ന മണൽക്കാട്.
അതിനപ്പുറം തരിശുനിലങ്ങൾ. പിന്നെ നദി.
മരിച്ചുകൊണ്ടിരിക്കുന്ന നദിക്കിരുപുറവും നദിയെയും വരണ്ടവയലുകളെയും വിഴുങ്ങിവളരുന്ന മരുഭൂമി. മരുഭൂമിയെ ഒരു നേർരേഖയാൽപകുത്തുകൊണ്ടൊഴുകുന്ന ജനപ്രവാഹത്തിലേയ്ക്ക് ഞങ്ങളും ആട്ടിത്തെളിക്കപ്പെട്ടു ഞാനും പ്രിയപ്പെട്ട കിളിയും. മനോഹരമായി പാടുന്ന, പാറുന്ന വലിയചിറകുള്ള പക്ഷി.

കാറ്റും, കാറ്റിന്റെ വികൃതിയാൽ രൂപംമാറുന്ന മണൽക്കുന്നുകളുംചേർന്ന് ഓരോ തവണയും ഞങ്ങളെ ചലിക്കുന്ന മണൽശിൽപ്പങ്ങളാക്കി മാററിക്കൊണ്ടിരുന്നു. തളർന്നുപോയ എന്റെ കൈയിൽ; പാടാൻ മറന്ന കിളിയുടെ കൂട്.
''ഈ കിളിക്കൂടും പേറി എത്ര ദൂരം താണ്ടണം ???''

ഓരോചുവടു വെയ്ക്കുന്തോറും രണ്ടു ചുവട് വളരുന്ന മണലാരണ്യം എനിക്കൊരു സമസ്യയായി മാറിയിരുന്നു. ഒരു പുൽനാമ്പ് പോലും മുളയ്ക്കാത്ത ഈ വിജനതയിൽആരുടെ ശവങ്ങൾക്കായിട്ടാണ് കഴുകന്മാർ വട്ടമിട്ടുപറക്കുന്നത് എന്നചിന്ത നട്ടെല്ലിലൂടെഭയത്തിന്റെ മിന്നൽ പായിച്ചു. കിളിക്കൂട് ചേർത്തുപിടിച്ചു ഞാൻ വിതുമ്പവെ, അനാഥരാക്കപ്പെട്ട ആൾക്കൂട്ടം തമ്മിൽ കൂടുതൽ ചേർന്നു നടന്നു.

കഴുകന്മാർ ഒട്ടുമകലെയല്ലാതെ ഞങ്ങളെ പിന്തുടരുന്നുണ്ടായിരുന്നു.

അടുത്തറിയുംതോറും കൂടുതൽ ദുരൂഹമാകുന്ന വിഹ്വലതകളും പേറി മരുഭൂമി പരന്നുകിടന്നു.

ഏറെ മുന്നിൽ കേട്ട ചാട്ടവാറിന്റെ ശീൽക്കാരങ്ങൾ ഓർമ്മകളായി മുതുകു പൊള്ളിച്ചു; കിളിക്കൂടും പേറി ഞാനോടി. മരുഭൂമിനിർമ്മാണത്തൊഴിലാളികൾ കൂടാരങ്ങൾ കെട്ടിപ്പാർക്കുന്ന ചേരികൾ കടക്കവെ, ആഞ്ഞു പതിക്കുന്ന ചാട്ടയ്ക്ക് പരിഹാസച്ചിരികളുടെ മൂർച്ച പകർന്നുകിട്ടി. അവിടെവിടെ പതിയിരുന്നു ചിരിക്കുന്ന കങ്കാണി മുഖങ്ങളിൽ, എന്റെ നിലങ്ങൾക്ക് വില പേശുമ്പോൾ കണ്ട അതെ ദുര. അവരുടെ തേറ്റകളിൽ എന്റെ നെൽവിത്തുകളുടെ ചോരക്കറ. നെടുവീർപ്പുകൾ പോലുമുയർത്താതെ, പതിഞ്ഞ കാലൊച്ചകളോടെ ഞങ്ങൾ നടന്നു. പക്ഷെ, തളിർത്തു നിൽക്കുന്ന മരുപ്പച്ചകളിൽ നിന്ന് ഇടയ്ക്കിടെ
ശബ്ദങ്ങൾ ഉയരുന്നുണ്ടായിരുന്നു
'അഭയാർഥികൾ '
പിന്നെ, ആശ്ചര്യത്തോടെ തിരുത്തി
'കുറ്റവാളിക്കൂട്ടങ്ങൾ''
ഉപേക്ഷിക്കപ്പെട്ട ഗ്രാമങ്ങൾക്ക് നടുവിലെ വറ്റിയ കുഴൽക്കിണറുകൾ താണ്ടി;പൊടിമൂടിക്കിടക്കുന്ന ശവപ്പറമ്പുകൾ കടക്കവെ, തൊട്ടു മുമ്പിൽ ഞങ്ങളെ ആട്ടിത്തെളിക്കുന്ന കുതിരപ്പട.
പിൻതിരിഞ്ഞ കുന്തക്കാരന്റെ കണ്ണിൽ കോപത്തിന്റെ തീക്കാറ്റ്.
'കുറ്റവാളികൾ പുലർത്തേണ്ട തീണ്ടാപ്പാടകലം' കിളി ഉണർന്ന് ചിലച്ചു.

മുട്ടുകുത്തി ഞാൻ തല കുമ്പിടവെ, അകന്നു പോകുന്ന ഭത്സനങ്ങൾ. രാജപാതയ്ക്ക് വേഗവും വീതിയും പോരാ. ഒരു ചെറിയ മൺകുഴിയിൽ അമൃത് തോൽക്കുന്ന ജലം. ഒരു കവിൾ കുടിച്ച്, കിളിയുടെ ചുണ്ടിലേക്ക് പകർന്നു.

ജലം പകർന്ന ദൂരക്കാഴ്ചയിൽ, കുതിരപ്പട കോട്ടവാതിൽ കടക്കുന്നത് ഞാൻ കണ്ടു.

************************

നഗരം കോട്ടയ്ക്കുള്ളിൽ നിറഞ്ഞു തുളുമ്പുന്നു. ശീതികാരികളും ജീവവായുപേടകങ്ങളും പ്ലാസ്റ്റിക് പൂച്ചെടികളും ഉള്ള നഗരം. കർശനപരിശോധനയ്ക്ക് ശേഷം, ഞങ്ങൾക്ക് പ്രവേശനം അനുവദിച്ച പരുക്കൻ കാവൽക്കാരെ പോലെയല്ല നഗരവാസികൾ. അവർ

സ്വർഗ്ഗവാസികൾ തന്നെ, എന്ത് പളപളപ്പ്...! പുതിയ കാഴ്ചവസ്തുക്കളിൽ അത്ഭുതം കൂറി, പക്ഷെ ഞങ്ങളിൽ തങ്ങാതെ വേഗം ചലിക്കുന്ന ജനങ്ങൾ..

വേഗം... വേഗം... വിസ്മയിപ്പിക്കുന്ന വേഗം...! മരുഭൂമിയിലെ വേനലിലും പാടത്തെ തരിശിലും തളരാത്ത എന്റെ കാലുകൾ കുഴയുന്നതുപോലെ.... കാഴ്ചയുടെ ആകാശം, കൊട്ടാരഗോപുരം തൊട്ടു മുറിയവെ, രാജപതാകയുടെ തണലേകിയ പൊള്ളലിൽ കിളി പിടഞ്ഞു ചിലക്കവെ, ഞാൻ കൊട്ടാരവാതിൽക്കൽ തളർന്നു വീണു.

പിന്നീടെപ്പോഴൊ വിളിച്ചുണർത്തപ്പെട്ടപ്പോൾ ആദ്യം തിരിച്ചറിഞ്ഞത് ചങ്ങലകളുടെ ഭാരം ആയിരുന്നു. 'സ്വയം തടവിലാക്കപ്പെട്ട നമുക്കെന്തിന് കിളീ; ചങ്ങലപ്പൂട്ട് ?';

കിളിക്കൊഞ്ചലിനും മുമ്പേ, പെരുമ്പറ അറിയിപ്പ് മുഴങ്ങി–

''രാജശാസനകളെ ധിക്കരിച്ച്, രാജ്യതാല്പര്യങ്ങൾക്ക് വിരുദ്ധമായി കലാപക്കൊടി ഉയർത്തിയ മനുഷ്യരെയും, അവർക്ക് വാഴ്ത്തുകൾ പാടുന്ന കിളിയെയും ന്യായാസനത്തുങ്കൽ ഹാജരാക്കുന്നു''.

ശബ്ദം തിരിച്ചറിയാൻ പ്രയാസപ്പെടേണ്ടിവന്നില്ല; പക്ഷെ, അമ്മയുടെ വയറ്റിൽ ഒന്നിച്ചു കഴിഞ്ഞ പരിചയം പുതുക്കാനൊട്ട് താല്പര്യം തോന്നിയതുമില്ല.

''എങ്കിലും സോദരാ, നിനക്കും കൂടി വേണ്ടിയാണല്ലോ ഞങ്ങൾ കലാപകാരികളായത്...! ';

''സ്വഗതങ്ങൾ അനുവദനീയമല്ല'' കോടതിയുടെ താക്കീത്.

''സ്വഗതങ്ങൾക്ക് നിങ്ങൾ പേറ്റന്റ് എടുത്തിട്ടില്ല '

അന്വേഷകനും സാക്ഷിയും വിധാതാവും ആരാച്ചാരും ഒരേ മുഖങ്ങളെടുത്തണിയുന്ന നാട്യവേദിയിൽ ഞങ്ങൾ വിസ്തരിക്കപ്പെട്ടു. അവിടെ ഉപയോഗിക്കപ്പെട്ട വാക്കുകളിൽ പലതും എനിക്ക് പിടികിട്ടിയില്ല. അജ്ഞതയോടെന്നും കലഹിക്കാറുള്ള കിളിയെന്തേ മൌനിയാകാൻ വല്ലതും പിടികിട്ടിയോ ആവോ?

അക്ഷമയോടെ കാത്തിരിപ്പിനൊടുവിൽ എന്റെ കുറ്റപത്രം വായിച്ചു കേട്ടു...

'വികസനാർത്ഥം മാറ്റി വെയ്ക്കപ്പെട്ട ഭൂമിയിൽ കൃഷിയിറക്കി'

കൃഷി ചെയ്യുന്നത് കുറ്റമാണോ, ആവോ?

വിചാരണകളാൽ പൂരിപ്പിക്കപ്പെടാത്ത കുറ്റപത്രത്തിൽ സന്ദേഹങ്ങൾക്കിടമില്ലല്ലോ?

അപ്പോൾ കിളി ചെയ്ത അപരാധം.? ഞാൻ വിതച്ച വയലിലെ നെന്മണി കൊത്തിപ്പറന്നതത്രേ...

അത് കിളിയുടെ ജന്മാവകാശം ആണെന്ന വാദം കൂട്ടച്ചിരിയിലമർന്നു പോയി.

************************

സമയം ഒരുകുറ്റവാളിയെപ്പോലെ ഉരുകിയുരുകിയില്ലാതെയാകുന്ന കോടതിവരാന്തയിൽ കുറ്റാരോപിതർ ഊഴം കാത്തു നിന്നു. ന്യായാധിപന്റെ ഇരട്ടസഹോദരനെന്നു തോന്നിക്കുന്ന കങ്കാണി നേതാവായിരുന്നു വാദി. മരുഭൂമി തൊഴിലാളികൾ സാക്ഷി പറയാൻ തിരക്ക് കൂട്ടുന്നുണ്ടായിരുന്നു.

കൊലമരമോ നാടുകടത്തലോ ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ ശിക്ഷ കനത്തതായിരുന്നു. അവർ ഞങ്ങളെ രണ്ടാളെയും കണ്ടു കെട്ടി. പിന്നെ,കോടതി നടപടികൾ പൂർത്തിയാക്കും വരെ; ശരിക്കും അങ്ങനെയല്ല പറയേണ്ടത്; കണ്ടുകെട്ടിയ മറ്റ് വസ്തുവഹകൾക്കൊപ്പം, അനന്തര നടപടികൾക്കായുള്ള കാത്തിരിപ്പ്.

തുടരുന്ന വിസ്താരങ്ങൾ....

എന്നെതുടർന്ന്, ഒരുമുക്കുവൻ ... 'കുടിവെള്ളക്കമ്പനിയുടെ നദിയിൽ നിന്നത്രെ അവന്റെ മീൻ പിടുത്തം'

കാട്ടിൽ നിന്ന് തേൻ ശേഖരിച്ച ആദിവാസി...

സ്വന്തമായി ചായക്കൂട്ട് നിർമ്മിച്ച് പേറ്റന്റ് ലംഘനം നടത്തിയ ചിത്രകാരൻ....

ജോലിസമയത്തിനിടയ്ക്ക് കുഞ്ഞിന് മുല കൊടുത്ത ലൈംഗിക തൊഴിലാളി.....

മതിയായ പൗരത്വ രേഖകളില്ലാതെ രാജ്യത്ത് താമസിച്ച ഒരു സ്വാതന്ത്ര്യസമരഭടൻ....

രാജ്യസന്ദർശിക്കാനെത്തിയ അയൽരാജ്യത്തലവന്റെ കണ്ണിൽ അറിയാതെ പെട്ടുപോയ ദരിദ്രബാലൻ....

അങ്ങനെയങ്ങനെ....

ഒടുവിൽ, ആ വയോധികയുടെ ഊഴം വന്നപ്പോൾ നന്നെ തളർന്ന പകൽ അസ്തമിക്കാനൊരു ങ്ങുകയായിരുന്നു. അവരുടെ കണ്ണിലെ വെളിച്ചം കോടതി മുറിയാകെ നിറയവെ, വിഡ്ഢിയെപ്പോലെ ന്യായാധിപൻ ചോദിച്ചു 'പേര് ?''

''അമ്മ.....''

''അതൊരു പേരാണോ ?''

''അല്ല. '

'പിന്നെന്ത് വിളിക്കണം ? '

'അമ്മ എന്ന് വിളിച്ചോളൂ...'

'നിങ്ങൾ ചെയ്ത കുറ്റമെന്തെന്നറിയാമോ ? ' മനോഹരമായ ഒരു പുഞ്ചിരി ആയിരുന്നു മറുപടി.

''നിങ്ങളെന്തിന് തെരുവുകളിലലയുന്നു ?''

''ചേരികളിൽ ഉണ്ടുറങ്ങുന്നു ? '

'ചോലകളിൽ നിന്ന് വെള്ളം കുടിക്കുന്നു ?''

''ആരണ്യകങ്ങളിൽ രാപാർക്കുന്നു ? ''......

പിന്നെയും പിന്നെയും പിടഞ്ഞുവീണ ചോദ്യങ്ങൾക്കൊടുവിൽ ശാന്തമായ മറുപടി

''അവിടെയൊക്കെ എന്റെ മക്കളുള്ളത് കൊണ്ട് ...'

'നിങ്ങൾ രാജമാതാവാണെന്ന കാര്യം മറക്കരുത്... എന്തിനാണ് തീണ്ടിക്കൂടാത്ത ചേരികളിലും മുക്കുവക്കുടിലുകളിലും ഗോത്ര ഗ്രാമങ്ങളിലും വയലേലകളിലും അക്ഷരങ്ങളുടെ ഭാണ്ഡവും പേറി അലഞ്ഞ് തിരിയുന്നത് ? നിങ്ങൾ ചുരത്തുന്ന മുലപ്പാലിൽ നിന്ന് കലാപങ്ങൾ ഉറവെടുക്കുന്നത് കാണാതിരിക്കാൻ ഇനിയും ഭരണകൂടത്തിനാകില്ല.''

എന്നെ ചൂഴ്ന്നുനിൽക്കുന്ന തടവുഭേദിച്ച് ന്യായാസനത്തിലേക്ക് കുതിക്കാൻ മോഹിച്ച ഒരു നിമിഷാർദ്ധത്തിൽ അമ്മയുടെ കണ്ണുകൾ എന്റെ നേരെ തിരിഞ്ഞു. ഞാൻ തല താഴ്ത്തി. കോടതി അവസാന ചടങ്ങുകളിലേക്ക് തിടുക്കംകൂട്ടി

'നിങ്ങൾക്ക് കുറ്റബോധമുണ്ടോ?! പശ്ചാത്തപിക്കാൻ തയ്യാറാണോ ?''

''എനിക്ക്കുറ്റബോധമുണ്ട്. സമരങ്ങളെപ്രസവിച്ചതിലല്ല'' അമ്മയുടെനോട്ടം സിംഹാസനത്തിൽ ചെന്നുതറച്ചു

'യുദ്ധങ്ങൾക്കും നിലവിളികൾക്കും കൊതിച്ചുനടക്കുന്ന ഉന്മാദിയായി മകനെയോർത്ത്.'';

അസഹ്യമായവേദനയാൽ അമ്മ കണ്ണുകളടച്ചപ്പോൾ, അവസാനപ്രകാശവും അണഞ്ഞ് അവിടമെല്ലാം ഇരുട്ടിൽ മുങ്ങി. അന്നാദ്യമായി സ്വപ്നങ്ങളില്ലാതെ ഞാനുറങ്ങി. രാജമാതാവിന്റെ സമാധിച്ചടങ്ങുകളുടെ ആരവങ്ങളിലേക്കാണ് പിന്നെ പിടഞ്ഞുണർന്നത്. അവരെന്നെ തട്ടി ഉണർത്തി, പറഞ്ഞു–.....

''ബലി കർമ്മങ്ങൾക്ക് നേരമായി... '

ഇനിയൊരിക്കലും കരയാനാകില്ലെന്ന തിരിച്ചറിവോടെ ഞാനന്ന് ഏറെനേരംകരഞ്ഞു.

************************

*(തുടരും...)*

# കയർ വികസന ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് പരിശീലനം നൽകി



കയർ വികസന വകുപ്പിൽ തൊഴിൽ ചെയ്യണമെങ്കിൽ കയർ മേഖല എന്തെന്ന് അറിയണം. സ്ഥലം മാറ്റങ്ങളും പ്രമോഷനുകളും വഴി കുറേ അധികം ജീവനക്കാർ വ്യവസായ വകുപ്പിലേക്ക് തിരികെ പോയി കഴിഞ്ഞു. സെപ്റ്റംബർ അവസാനത്തോടെ പുതിയ ജീവനക്കാർ എത്തി.

ഒരു തുടർ പ്രക്രിയയായി അത് മുന്നോട്ടു പോകുകയാണ്. എൻ.സി.ആർ.എം.ഐയിലെ പരിശീലനം എല്ലാവർക്കും നല്ല അനുഭവമായിരുന്നു. കയർ ഭൂവസ്ത്ര പദ്ധതി സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ചകിരിയുടെ വിതരണം ഇവയെല്ലാം പരിശീലനത്തിൽ ചർച്ചാ വിഷയമായി. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ ഫോമിൽ നിന്നും എ.ജി. മോഹനൻ തുടങ്ങിയവർ ആശയവിനിമയം നടത്തി. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള മാസങ്ങളിൽ ഏറ്റെടുക്കേണ്ട പരിപാടികൾ പ്രവർത്തനങ്ങൾ എല്ലാം ഡയറക്ടർ വിശദമായി അവതരിപ്പിച്ചു.

എൻ.സി.ആർ.എം.ഐ സീനിയർ സയന്റിസ്റ്റ് സി. അഭിഷേക് ആയിരുന്നു പ്രോഗ്രാം കോ-ഓർഡിനേറ്റർ. റിനു പ്രേംരാജ്, സിബി ജോയി, അനീഷ്, സൗമ്യ തുടങ്ങിയവർ വിവിധ സെഷനുകളിൽ ആശയവിനിമയം നടത്തി. സീനിയർ കയർ പ്രോജക്ട് ആഫീസർമാരായ നിക്സൻ, സോജൻ, ശശീന്ദ്രൻ കൃഷ്ണപിള്ള എന്നിവർ കഴിഞ്ഞകാല അനുഭവങ്ങൾ പങ്കുവച്ചു. അഡീഷണൽ കയർ വികസന ഡയറക്ടർ ഹെലൻ ജറോം പരിപാടിയിൽ സംബന്ധിച്ചു.



*കയർ വികസന വകുപ്പ് സ്പെഷ്യൽ ഓഫീസറും മുൻ കയർ വകുപ്പ് സെക്രട്ടറിയുമായിരുന്ന എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട.) കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നു*

# കയർഫെഡിന്റെ അന്യസംസ്ഥാന ഷോറൂമുകൾ

**ക**യർഫെഡിന് ഇന്ത്യയൊട്ടാകെ പ്രധാന നഗരങ്ങളിൽ സ്വന്തമായി ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കയർഫെഡിന്റെ മുൻകാല ഭരണസമിതികൾക്ക് നേതൃത്വം നൽകിയവരുടെ ശ്രമഫലമായാണ് ഇത്തരത്തിൽ ഷോറൂമുകൾ ആരംഭിക്കുവാൻ കഴിഞ്ഞത്.

കേരളത്തിന്റെ ഒരു അടയാളമായാണ് ഈ ഷോറൂമുകൾ ഇന്ത്യയൊട്ടാകെ പ്രവർത്തിക്കുന്നത്. ഇതിൽ ചില ഷോറൂമുകളെക്കുറിച്ചുള്ള വിവരങ്ങളാണ് ഇവിടെ കൊടുക്കുന്നത്.




## ഭോപ്പാൽ ഷോറൂം

**മ**ധ്യപ്രദേശിന്റെ തലസ്ഥന നഗരിയായ ഭോപ്പാലിൽ 1973 ഏപ്രിൽ 1 നാണ് ഷോറൂമിനായി ഒരു സ്ഥലം, Straw Product Building-ൽ ഏറ്റെടുക്കുന്നത്. ഉദ്ഘാടനം നടന്നത് 1973 മെയ് 7 -ന് ആയിരുന്നു. സെൻട്രൽ കയർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കാലത്ത് മുൻ എം.പി. പി. വിശ്വംഭരനാണ് ഇതിന് നേതൃത്വം നൽകിയത്. 297 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് Ward No: 17, Hamidia road, Bhopalലാണ്. ബസ്സ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവ ഷോറൂമിൽ നിന്നും ഒരു കിലോ മീറ്റർ മാത്രം അകലെയാണ്.

വളരെ പ്രശസ്തവും, പുരാതനവുമായ ഹമീദിയ ഹോസ്പിറ്റൽ, ഏഷ്യയിലെ ഏറ്റവും വലിയ പള്ളികളിൽ ഒന്നായ താജ്-ഉൽ-മസ്ജിദ് തുടങ്ങിയവ ഷോറൂമിൽ നിന്ന് ഒരു കിലോ മീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു. ഇവിടുത്തെ കയറുത്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കൾ സ്വർണ്ണക്കടക്കാരും, ഷൂസ് കടക്കാരുമാണ്. പി.എസ്.സി വഴി നിയമിതയായ ധന്യ കെ. ആണ് നിലവിൽ ഷോറൂം മാനേജർ.



### കൽക്കത്ത ഷോറൂം

പശ്ചിമബംഗാളിന്റെ തലസ്ഥനമായ കൽക്കത്തയിൽ 1955 മുതലാണ് ഷോറൂം പ്രവർത്തിച്ചുവരുന്നത്. സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ ഷോറൂം കയർഫെഡ് രൂപീകരണത്തോടുകൂടി കയർഫെഡ് ഷോറൂമായി മാറി. വളരെ പഴകിയ കെട്ടിടത്തിലാണ് ഈ ഷോറൂം പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 66 വർഷത്തിലധികമായി പ്രവർത്തിച്ചുവരുന്ന ഷോറൂം കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ കെട്ടിട ഉടമസ്ഥന്റെ ഉത്തരവാദിത്വത്തിൽ കൽക്കത്തയിൽ അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്ക് ഷോറൂം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ശ്രീജിത്ത്.എ.എം ആണ് നിലവിൽ ഷോറൂം മാനേജർ.




### നാഗ്പൂർ ഷോറൂം

മഹാരാഷ്ട്രയിലെ അതിപുരാതന നഗരമായ നാഗ്പൂരിൽ കൊച്ചിൻ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ സെൻട്രൽ റവന്യൂ റോഡിന്റെ സൈഡിലായി നഗര ഹൃദയത്തിൽ ഗാന്ധിബാഗ്, നാഗ്പൂർ-II -ൽ അന്തരിച്ച ഗൂലാബ് ചന്ദ് ശർമ്മ - യുടെ ഉടമസ്ഥതയിലുള്ള പ്ലോട്ട് നം.16/17-ൽ മൂന്ന് കടമുറികൾ 01.11.1961 മുതൽ കൊച്ചിൻ സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റി വാടകയ്ക്ക് എടുത്തിരുന്നതാണ്.

പിന്നീട് ഈ ഷോറൂം കയർഫെഡ് രൂപീകരണത്തോടുകൂടി കയർഫെഡിന്റെ ഷോറൂമായി മാറി. നിലവിൽ ജലജ മധുസൂദനനാണ് ഷോറൂം മാനേജർ.



## ആദരാഞ്ജലികൾ

ചാപ്പാറ കയർ വ്യവസായ സഹകരണ സംഘം പ്രസിഡന്റ് ടി.കെ. മണി അന്തരിച്ചു. ആദരാഞ്ജലികൾ

## പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar,<br>Special Officer (Coir) | 0471-2322046 | |
| 4 | Smt. Helen Jerome, ADCD | 0471-2322046 | |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 7 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 8 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 9 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 10 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 11 | Regional Officer, Alappuzha | 0477-2246272 | 8281009832 |
| 12 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 13 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 14 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 15 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 16 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 17 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 18 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 19 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 20 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 21 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 22 | Central Stores Manager | 0477-2242471 | |



അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ കയർഫെഡ് ബോർഡ് യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്നു. കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ സമീപം.

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-10-2021, October 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705